
വാരാദ്യ മാധ്യമം
23 ഞായർ
2020 ഫെബ്രുവരി
ലക്കം 1653



4

**ROWDY ഫ്രം തെലുങ്ക്**

"എല്ലാവർക്കും സ്വപ്നമുണ്ടാകും. അത് സാധ്യമാകുക വിരളമാണ്. സിനിമ എനിക്ക് എല്ലാം തന്നു."
-തെന്നിന്ത്യയിൽ വമ്പൻ ഹിറ്റുകൾ
നിരന്തരം കൊണ്ടുവരുന്ന തെലുങ്ക് നടൻ
**വിജയ് ദേവരകൊണ്ട**യുടെ വാക്കുകൾ

madhyamam HOT SPOT




"ബ്രിട്ടീഷുകാർക്കെതിരെ സായുധരായി സംഘടിച്ചെത്തിയ സ്വാതന്ത്ര്യപ്പോരാളികൾ, അവർക്ക് ആശ്വാസത്തിൻെറ സദ്യവിളമ്പിയ ഒരു കല്യാണപ്പന്തൽ, ആ പന്തലുയർന്ന തറവാട്ടുമുറ്റം, അന്നത്തെ കല്യാണപ്പെണ്ണും പിന്മുറക്കാരും...

**1921ലെ മലബാർ സ്വാതന്ത്ര്യ സമര ചരിത്രത്തിലെ ആവേശകരമായ ഒരു അധ്യായം വായിക്കാം...**

• നഫീസ കുഞ്ഞാറ്റ ബീവി

# സമരം പന്തലിച്ച കല്യാണരാവ്

ചിത്രീകരണം: **അമീർ ഫൈസൽ**

**ഷെബീൻ മഹ്ബൂബ്**

## 1921 ആഗസ്റ്റ് 21

പൊന്നാനിത്തെരുവിലെ വെട്ടംപോക്കിരിയകത്തെ തങ്ങൾ തറവാട്ടിൽ അന്ന് മൈലാഞ്ചി ക്കല്യാണമാണ്. തരുണീമണി നഫീസ കുഞ്ഞാറ്റ ബീവി ശരീഫയുടെ തൃക്കല്യാണം. പൗരപ്രമുഖനും സ്വാതന്ത്ര്യ സമരസേനാനിയും ആത്മീയ നേതാവായി നാട്ടിലും പുറംനാട്ടിലും സൽകീർത്തി പിടിച്ചുപറ്റുകയും ചെയ്ത അദിനയിൽ പടിഞ്ഞാറകത്ത് ഇമ്പിച്ചിക്കോയ തങ്ങളുടെ പുന്നാരമകളുടെ കല്യാണരാവ്. ഏറെമുമ്പേ പറഞ്ഞുറപ്പിച്ചതായതിനാൽ ആഴ്ചകൾക്ക് മുന്നേ തുടങ്ങിയതാണ് ഒരുക്കങ്ങൾ. വരൻ ഫറോക്കിനടുത്ത ആക്കോട്ടെ പ്രമുഖ തങ്ങൾ കുടുംബത്തിൽനിന്നുള്ള ചെറുപ്പക്കാരൻ.

തെരുവ് ഒന്നാകെയും തറവാടിൻെറ ചുറ്റുവട്ടവും കുരുത്തോലയും ഈന്തുമ്പട്ടയും വർണക്കടലാസുകളുംകൊണ്ട് അലംകൃതമായിരിക്കുന്നു. തറവാടിന് പിന്നിലെ കനോലി കനാലിലെ കടവിൽ അന്ന് പതിവിലും തിരക്കാണ്. കൊച്ചി, ആലുവ, കൊടുങ്ങല്ലൂർ, ചാവക്കാട്, വെളിയങ്കോട്, ചാലിയം, തിരൂർ എന്നിങ്ങനെ പല ഭാഗങ്ങളിൽനിന്ന് കെട്ടുവള്ളങ്ങളിലും വഞ്ചികളിലും കുടുംബക്കാരും കൂട്ടക്കാരും വന്നുകൊണ്ടേയിരിക്കുന്നു. ചെമ്മൺ പാതകളിലൂടെ കാളവണ്ടിയിലും കുതിരവണ്ടിയിലുമായി പല നാടുകളിൽനിന്നുള്ള അതിഥികൾ പുലർച്ച മുതൽ തുടങ്ങിയ വരവാണ്. രണ്ടോ മൂന്നോ ദിവസം നീണ്ടുനിൽക്കുന്ന രാക്കല്യാണമാണ്. ആദ്യദിനം മൈലാഞ്ചിക്കല്യാണവും രണ്ടാം ദിനം പൊന്നൊപ്പിക്കൽ കല്യാണവും. ഉയരത്തിൽ തൂക്കിയ പെട്രോമാക്സ് വിളക്കുകളും കാന്തവിളക്കുകളും മലബാറിൻെറ മക്കയെ ആ രാവിലും പകലാക്കി നിർത്തിയിട്ടുണ്ട്. കോലായിലും പടാപ്പുറത്തും കൊട്ടിലിലും അകത്തളങ്ങളിലും ചായ്പിലും വിരുന്നുകാരുടെ ബഹളവും കുട്ടികളുടെ കൂട്ടച്ചിരികളും. മുറ്റം നിറച്ച്കെട്ടിയ പന്തലിൽ കാരണവന്മാരും പണ്ഡിതരും നിറഞ്ഞിരിക്കുന്നു. പന്തലിൻെറ ഒരു വശത്ത് അറബനയും കോൽക്കളിയും അരങ്ങുതകർക്കുന്നു. പ്രദേശത്തെ അറിയപ്പെടുന്ന മൈലാഞ്ചിക്കാർ കൈകൊട്ടിപ്പാട്ടിനായി അകത്തളത്തിൽ ഒരുക്കം തുടങ്ങിക്കഴിഞ്ഞു.

## 1921 ആഗസ്റ്റ് 19

1920 ജൂൺ 14 ന് മഹാത്മാ ഗാന്ധിയും മൗലാന ഷൗക്കത്തലിയും കോഴിക്കോട് കടപ്പുറത്ത് പ്രസംഗിച്ചതോടെ ഖിലാഫത് പ്രസ്ഥാനം മലബാറിലെങ്ങും ശക്തിപ്രാപിച്ചു. 1921 ആഗസ്റ്റ് 19ന് ഖിലാഫത് പ്രവർത്തകരെ അടിച്ചമർത്താനും നേതാക്കളെ പിടികൂടാനും ലക്ഷ്യംവെച്ച്, ജില്ല മജിസ്ട്രേറ്റ് ഒപ്പിട്ട 24 അറസ്റ്റ് വാറൻറുകളുമായി കലക്ടർ തോമസിൻെറയും ക്യാപ്റ്റൻ മെക്കൻേറായുടെയും ഡി.എസ്.പി ഹിച്കോക്കിൻെറയും സൂപ്രണ്ട് ആമുവിൻെറയും നേതൃത്വത്തിൽ പട്ടാളക്കാരുടെ സംഘം തീവണ്ടിയിൽ മലബാറിലേക്ക് പുറപ്പെട്ടു. 500ലധികമുള്ള ഈ പട്ടാളസംഘം പരപ്പനങ്ങാടിയിൽ ഇറങ്ങി തിരൂരങ്ങാടിയിലേക്ക് മാർച്ച് ചെയ്തു. 20ന് പുലർച്ചയോടെ തിരൂരങ്ങാടി കിഴക്കേ പള്ളിയും ചില ഖിലാഫത് പ്രവർത്തകരുടെ വീടുകളും ഇവർ വളഞ്ഞു. രാവിലെ പള്ളിയും ഖിലാഫത് കമ്മിറ്റി ഓഫിസും റെയ്ഡ് ചെയ്തു. മൂന്നുപേരെ അറസ്റ്റ് ചെയ്തു. മമ്പുറം പള്ളിയിൽനിന്നും മൂന്നുപേരെ അറസ്റ്റ് ചെയ്തു. മമ്പുറം പള്ളി ബ്രിട്ടീഷുകാർ കൈയേറിയെന്ന വാർത്ത നാടാകെ പടർന്നതോടെ മാപ്പിളമാർ പലയിടങ്ങളിലായി സായുധരായി ബ്രിട്ടീഷുകാർക്കെതിരെ സംഘടിച്ചു. തിരൂരങ്ങാടിയിൽ സംഘടിച്ച 2000ത്തോളം സമരക്കാർക്കുനേരെ പട്ടാളം വെടിവെച്ചു. 300ഓളം പേർ രാജ്യത്തിനായി വീരമൃത്യു വരിച്ചു. തിരൂരങ്ങാടി പള്ളിക്കുനേരെയും ബ്രിട്ടീഷ് പട്ടാളം ആക്രമണം അഴിച്ചുവിട്ടു. ബ്രിട്ടീഷ് പട്ടാളത്തിൻെറ തേർവാഴ്ചക്കെതിരെ മലബാറിൻെറ വിവിധ ഭാഗങ്ങളിലും മാപ്പിളമാർ സായുധരായി സംഘടിച്ചു. അധിനിവേശ ശക്തിക്ക് സഹായം നൽകുന്ന ഭൂപ്രഭുക്കന്മാരുടെയും പ്രമാണിമാരുടെയും സമ്പത്ത് അവർ തകർക്കാൻ ശ്രമിച്ചു. ബ്രിട്ടീഷ്കാരുടെ ട്രഷറികളും പൊലീസ് സ്റ്റേഷനുകളും കൈയേറാൻ പദ്ധതിയിട്ടു. പലയിടത്തും അത് നടപ്പാക്കുകയും ചെയ്തു.

## അധിനിവേശ വിരുദ്ധതയുടെ മണ്ണ്

"അധിനിവേശ വിരുദ്ധതയുടെ നൂറ്റാണ്ടുകളുടെ പാരമ്പര്യം പേറുന്ന മണ്ണാണല്ലോ പൊന്നാനി. ഖിലാഫത്പ്രസ്ഥാനത്തിന് വലിയ വേരോട്ടമുള്ള ഭൂമികയായിരുന്നു വിശാല പൊന്നാനി താലൂക്കിൻെറ ആസ്ഥാനമായ പൊന്നാനി. 1921 ജൂലൈ 24ന് ഖിലാഫത് കമ്മിറ്റിയുടെ മഹാസമ്മേളനം പുതുപൊന്നാനിയിലാണ് നടന്നത്. മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബും ആലി മുസ്ലിയാരും അടക്കമുള്ള പ്രമുഖർ സംബന്ധിച്ച ആ മഹാസമ്മേളനം സാമ്രാജ്യത്വ വിരുദ്ധ പോരാട്ടത്തിൻെറ ആവേശജ്ജ്വാല നാട്ടിൽ പടർത്തിയിരുന്നു"-പൊന്നാനിയുടെ പ്രാദേശിക ചരിത്രകാരനും ഗ്രന്ഥകാരനുമായ ടി.വി. അബ്ദുറഹിമാൻ കുട്ടി സ്വാതന്ത്ര്യ സമരത്തിലെ പൊന്നാനിയെക്കുറിച്ച് വാചാലനായി. സംഭവത്തിന് ദൃക്സാക്ഷിയായവരിൽനിന്നും മറ്റുമായി ശേഖരിച്ച വിവരങ്ങൾ പങ്കുവെക്കുകയാണ് തുടർന്ന് അദ്ദേഹം.



• ശരീഫ മുല്ല ബീവി

## പോരാട്ടക്കാലത്തെ കല്യാണരാവ്

നേരമിരുട്ടി. വെട്ടംപോക്കിരിയകത്ത് കല്യാണമുറ്റം അതിഥികളാൽ നിറഞ്ഞുകവിഞ്ഞു. പൊന്നാനി ടൗൺ ഖിലാഫത് കമ്മിറ്റിയുടെ പ്രസിഡൻറ് കൂടിയാണ് പുതുനാരിയുടെ പിതാവ് ഇമ്പിച്ചിക്കോയ തങ്ങൾ. വാർത്തവിനിമയ സംവിധാനങ്ങൾ പരിമിതമായ കാലമാണ്. മലബാറിൽ പട്ടാളം തേർവാഴ്ച തുടങ്ങിയതും മാപ്പിളമാർ ചെറുത്തുനിൽപ് ആരംഭിച്ചതുമായ വിവരം പൊന്നാനി അറിഞ്ഞുതുടങ്ങിയിട്ടേയുള്ളൂ. പൊടുന്നനെയാണ് ഒരാൾ കല്യാണപ്പന്തലിലേക്ക് ഓടിക്കിതച്ചെത്തി തങ്ങളോട് അക്കാര്യം പറഞ്ഞത്.

"300ഓളം ഖിലാഫത് സമരഭടന്മാർ പൊന്നാനിയിലേക്ക് മാർച്ച് ചെയ്യുന്നു. ചമ്രവട്ടം പള്ളിപ്പുറത്തുകാരൻ അവുതലുവിൻെറ നേതൃത്വത്തിൽ മാപ്പിള പോരാളികൾ വാരിക്കുന്തങ്ങളും വടികളും മറ്റു ആയുധങ്ങളുമായി അങ്ങാടി പാലത്തിനടുത്ത് എത്തിയിരിക്കുന്നു. താലൂക്കാഫിസും ബ്രിട്ടീഷ് ഖജനാവും ബ്രിട്ടീഷ് പാദസേവകരായ ധനാഢ്യരുടെ ബംഗ്ലാവുകളുമാണ് അവരുടെ ലക്ഷ്യം." കല്യാണപ്പന്തലിലെ ചിരിയും സൊറപറച്ചിലുമെല്ലാം സൂചിവീണാൽ കേൾക്കുന്ന നിശ്ശബ്ദതക്ക് വഴിമാറി. പോരാളികളെ കുറിച്ച് ബ്രിട്ടീഷ് അനുകൂലികൾ പല ഇല്ലാക്കഥകളും പ്രചരിപ്പിച്ചതുകൊണ്ടാവണം കല്യാണപ്പന്തലിലെ അതിഥികളിൽ പലരും ഭയപ്പാടിലുമായി. എന്തു ചെയ്യണമെന്നറിയാതെ തങ്ങളും കാരണവന്മാരും ഒരു നിമിഷം തരിച്ചുനിന്നു. റോഡ് ഗതാഗതം പരിമിതമായ കാലത്ത്, കേരളത്തിലെ തിരക്കുള്ള ജലഗതാഗത കേന്ദ്രവും ദക്ഷിണേന്ത്യയിലെ തന്നെ പ്രമുഖ തുറമുഖ നഗരവും വാണിജ്യ കേന്ദ്രവുമാണ് അന്ന് പൊന്നാനി. അതുകൊണ്ടു തന്നെ നാട്ടുകാരും പുറംനാട്ടുകാരുമായ പ്രമാണിമാരും ധനാഢ്യരും ധാരാളം ഇന്നാട്ടിലുണ്ടായിരുന്നു. അവരിൽ പലരും ബ്രിട്ടീഷ് അനുകൂലികളുമായിരുന്നു.

സ്വാതന്ത്ര്യസമര സേനാനി കെ. കേളപ്പൻ അന്ന് സ്കൂൾ അധ്യാപകനായി പൊന്നാനിയിലുണ്ട്. കേളപ്പൻ, രാമൻമേനോൻ വക്കീൽ, പഞ്ചിലിയകത്ത് മുഹമ്മദാജി, മക്കി ഇമ്പിച്ചാക്ക, ബാലകൃഷ്ണമേനോൻ തുടങ്ങിയവരെല്ലാം സമരക്കാരെ അനുനയിപ്പിച്ച് പിന്തിരിപ്പിക്കാൻ ശ്രമം നടത്തിയിരുന്നു. കേളപ്പൻ അവരോട് പറഞ്ഞു. "അല്ലയോ സുഹൃത്തുക്കളെ, ദയവായി അൽപമൊന്ന് ശ്രദ്ധിക്കൂ, ഞങ്ങൾ നിങ്ങളുടെ ഗുണകാംക്ഷികളാണ്. നിങ്ങൾ സ്വീകരിച്ച രീതികളിൽ ഞങ്ങൾക്ക് വിയോജിപ്പുണ്ട്. നമ്മുടെ മാർഗം ശാന്തിയും സമാധാനവുമാണ്. അതിലൂടെ ലക്ഷ്യം നേടാനാണ് നമ്മുടെ ദേശീയ നേതാക്കളുടെ ആഹ്വാനം. ഈ സാഹസകൃത്യങ്ങളുടെ അനന്തരഫലം നിങ്ങൾ മനസ്സിലാക്കണം. ശാന്തരാകൂ, നമുക്ക് കാര്യങ്ങൾ ഒരുമിച്ചിരുന്ന് ചർച്ച ചെയ്യാം" (പ്രഫ. എം.പി. മന്മഥൻ എഴുതിയ കെ. കേളപ്പൻെറ ജീവചരിത്രത്തിൽ ഈ സംഭവം പരാമർശിക്കുന്നുണ്ട്). എന്നാൽ, സമരക്കാർ കേളപ്പനെ അത്രകണ്ട് ഗൗനിച്ചില്ല. പാലം കടന്ന് അങ്ങാടിയിലെ ഖിലാഫത് കമ്മിറ്റി ഓഫിസിലും പരിസരത്തുമായി അവർ സംഗമിച്ചു. ബ്രിട്ടീഷ് പട്ടാളത്തിൻെറ സേനാനീക്കം തടയാൻ പോരാളികൾ പരപ്പനങ്ങാടിയിലും മറ്റും റെയിൽപാളങ്ങൾ തകർത്തത് കാരണം കോഴിക്കോട് നിന്ന് തിരൂരിലേക്കുള്ള തീവണ്ടി സർവിസ് മുടങ്ങിയിട്ടുണ്ട്. ഫറോക്കിൽനിന്ന് തിരൂർ വരെ തീവണ്ടിയിലാണ് വരനും കൂട്ടരും വരാൻ പദ്ധതിയിട്ടിരുന്നത്. തീവണ്ടി മുടങ്ങിയതിനാൽ വരനും കൂട്ടരും തിരിച്ചുപോയി എന്ന വാർത്തയും തങ്ങളെ തേടിയെത്തി. കല്യാണം മുടങ്ങിയ അശുഭ വാർത്തയിൽ തങ്ങൾ ആദ്യം നിരാശനായെങ്കിലും സ്വദേശത്തിൻെറ സ്വാതന്ത്ര്യത്തിനു വേണ്ടി വ്യക്തിപരമായ സുഖവും സന്തോഷങ്ങളും ത്യജിക്കാനുള്ള മനസ്സ് അദ്ദേഹത്തിന് കരുത്ത് നൽകി.

## സമരത്തിൻെറ കല്യാണപ്പന്തൽ

സാഹചര്യത്തിൻെറ ഗൗരവം ഉൾക്കൊണ്ട ഇമ്പിച്ചിക്കോയ തങ്ങൾ, രാത്രി നമസ്കാരം കഴിഞ്ഞയുടനെ ഏതാനും അനുയായികളെയും കൂട്ടി സമരക്കാരെ കാണാൻ ചെന്നു. നീളക്കുപ്പായവും തൊപ്പിക്ക് മുകളിൽ പ്രൗഢമായ വട്ടക്കെട്ടും അണിഞ്ഞ തങ്ങളെ കണ്ടാൽ തന്നെ ആർക്കും ആദരവും മതിപ്പുംതോന്നും. മലബാറിൻെറ വിവിധ ഭാഗങ്ങളിൽ അദ്ദേഹത്തിന് അനുയായികൾ ഉണ്ടായിരുന്നു. സമരക്കാരിലും ഉണ്ടായിരുന്നു തങ്ങളുടെ അനുയായികൾ. അദ്ദേഹം സ്വതഃസിദ്ധമായ നയചാതുരിയോടെ സമരക്കാരെ കാര്യങ്ങൾ ധരിപ്പിച്ചു. "ഇന്ന് എൻെറ പൊന്നുമകൾ കുഞ്ഞാറ്റയുടെ നിക്കാഹാണ്. എൻെറ തറവാട്ടിലെ ആദ്യ അടിയന്തരമായതിനാൽ നിങ്ങളെല്ലാവരും എൻെറ കൂടെ വരണം, മോളുടെ നിക്കാഹ് ഭംഗിയാക്കിത്തരണം." പറഞ്ഞുനിർത്തിയ ഉടൻ തങ്ങൾ സമരനേതാവ് അവുതലുവിനെ ചേർത്തുപിടിച്ചു. പിന്നെ സമരക്കാർ ഒന്നുമാലോചിച്ചില്ല. തങ്ങൾ മുന്നിൽ നടന്നു, തക്ബീർ മുഴക്കി തങ്ങൾക്ക് പിന്നാലെ കല്യാണപ്പന്തൽ ലക്ഷ്യമാക്കി സമരക്കാരും. കല്യാണപ്പന്തലിലെ സാഹചര്യം മുമ്പ് പറഞ്ഞല്ലോ. വടിയും കുന്തവുമേന്തിയ ഒരു സംഘം കല്യാണപ്പന്തലിലേക്ക് വരുന്നത് കണ്ട പലരും പേടിച്ചുപോയി. അവരോടായി തങ്ങൾ ഉറക്കെപ്പറഞ്ഞു:

"ആരും പേടിക്കേണ്ട, ഇവർ നമ്മുടെ സുഹൃത്തുക്കളും അതിഥികളുമാണ്, ഇവരെ നമുക്ക് നന്നായി സൽക്കരിക്കണം." തങ്ങളുടെ ആവർത്തിച്ചുള്ള വാക്കുകളിൽ കല്യാണപ്പന്തലിൽ ആഹ്ലാദം തിരികെവന്നു. എല്ലാവരും സമരക്കാരെ സ്വീകരിക്കുന്ന തിരക്കിലായി. ബ്രിട്ടീഷ് സേനാനീക്കം അറിഞ്ഞ നിമിഷം മറിച്ചൊന്നും ആലോചിക്കാതെ കിട്ടിയ ആയുധം കൈയിലെടുത്ത് തെരുവിൽ ഇറങ്ങിയവരാണ്, രണ്ടു ദിവസമായി ആവശ്യത്തിന് ഭക്ഷണമോ വെള്ളമോ ലഭിച്ചിട്ടില്ല. ഉള്ളിൽ സ്വാതന്ത്ര്യ പോരാട്ടത്തിൻെറ കനൽ കത്തിയെരിഞ്ഞ സമയങ്ങളിൽ അവർ അതെക്കുറിച്ച് ആകുലരുമായിരുന്നില്ല. പക്ഷേ, ദിവസങ്ങൾ കഴിഞ്ഞിരിക്കുന്നു, നടന്നുതാണ്ടിയ ദൂരങ്ങൾ കുറച്ചൊന്നുമല്ല. വിശപ്പും ദാഹവും അവരെ കീഴടക്കിക്കഴിഞ്ഞിരുന്നു. ഇരിപ്പിടങ്ങളിൽ ശാന്തരാകും മുമ്പ് തന്നെ ചെമ്പുകളിൽ കലക്കിവെച്ചിരുന്ന പഞ്ചസാരവെള്ളം അന്നാട്ടുകാർ അവർക്കായി നൽകി. മതിവരുവോളം അവർ കുടിച്ചു. ഒരു ചാക്ക് പഞ്ചസാര കലക്കി എന്നാണ് വാമൊഴി. താമസിയാതെ ചോറും വിളമ്പി. നെയ്ചോറും പോത്തിറച്ചിയും കഴിച്ച് അതേ പന്തലിൽ അവർ ഉറങ്ങാൻ കിടന്നു. വൈകാതെ ചെറിയൊരു ചാറ്റൽമഴ പെയ്തു. അറബിക്കടലിൽനിന്ന് വന്നുംപോയും കൊണ്ടിരുന്ന നനുത്ത കാറ്റ് അവരെ നിദ്രയിലാഴ്ത്തി. രാവിലെ പ്രഭാത നമസ്കാരം കഴിഞ്ഞ് അവർ തങ്ങളോട് യാത്ര പറഞ്ഞിറങ്ങി. ഖിലാഫത് ഫണ്ടിലേക്ക് സദസ്സിൽനിന്ന് സ്വരൂപിച്ചെടുത്ത 2500 രൂപയുടെ കിഴി തങ്ങൾ അവർക്ക് നൽകി. ചമ്രവട്ടം കടവിലൂടെ അവർ തിരൂരിലേക്ക് തിരിച്ചുപോയി. മകളുടെ കല്യാണം മുടങ്ങിയതിലുള്ള സങ്കടമായിരുന്നില്ല; നാടിൻെറ സ്വാതന്ത്ര്യത്തിനായി പൊരുതി മരിക്കാൻ ഒരുങ്ങിയിറങ്ങിയ ആ മണ്ണിൻെറ മക്കൾക്ക് ആശ്വാസത്തിൻെറ തണലൊരുക്കിയതിൻെറ ആത്മനിർവൃതി ആയിരുന്നു പിന്നെ തങ്ങളുടെ മുഖത്ത് വിടർന്നുനിന്നത്.

## പെരുമയുടെ തറവാട്ടുമുറ്റം

പൊന്നാനി ജുമാമസ്ജിദ് റോഡിൽ വിശാലമായ കോലായയും കൽത്തൂണുകളും മാളികമുകളും മുറ്റത്ത് പള്ളിയുമെല്ലാമായി പ്രൗഢിയുടെ അവസാന വാക്കായി, സ്വാതന്ത്ര്യ സമരക്കാർക്ക് ആശ്വാസത്തിൻെറ സദ്യവിളമ്പിയ വെട്ടംപോക്കിരിയകം ഇന്നും തലയുയർത്തിനിൽക്കുന്നുണ്ട്. സ്വാതന്ത്ര്യ സമരത്തിൻെറ ജ്വലിക്കുന്ന സ്മാരകമായ ഈ വീട് കാണാൻ മിക്ക ദിവസവും വിദ്യാർഥികളും ചരിത്രാന്വേഷകരുമെത്തുന്നു. തറവാട്ടിലെ ആദ്യ വലിയ തങ്ങൾ സയ്യിദ് പൂക്കോയ തങ്ങൾ 1884 ൽ നിർമിച്ചതാണ് ഈ വീട്. തകർച്ചയിലെത്തിയ വീടിൻെറ പുനർനിർമാണം 2012ൽ പൂർത്തിയായി. അന്നത്തെ കല്യാണപ്പെണ്ണ് കുഞ്ഞാറ്റ ബീവി മരിച്ചത് 2000 ഫെബ്രുവരി ആറിനാണ്. അവരുടെ ചിത്രം തറവാടിൻെറ ഉള്ളിൽ എല്ലാർക്കും കാണുംവിധം വെച്ചിട്ടുണ്ട്. അവരുടെ ഏകമകൾ, 84 കഴിഞ്ഞ ഫാത്തിമ മുല്ല ബീവി വെട്ടംപോക്കിരിയകം തറവാടിന് അഭിമുഖമായി നിർമിച്ച വീട്ടിൽ മകനും പൊതുപ്രവർത്തകനും മുൻ നഗരസഭ ചെയർമാനുമായ വി.പി. ഹുസൈൻ കോയ തങ്ങളുടെ കൂടെയാണ് താമസം. മുല്ല ബീവിയുടെ മകൾ മുത്തുബീവിയുടെ ഭർത്താവ് വടകര മശ്ഹൂർ കുഞ്ഞിക്കോയ തങ്ങളുടെ ഉടമസ്ഥതയിലാണ് ഇപ്പോൾ തറവാട്. സംഭവബഹുലമായ ആ കല്യാണരാവിനെ കുറിച്ച് ഉമ്മ കുഞ്ഞാറ്റ ബീവിയിൽനിന്ന് മുല്ല ബീവി കഥകളെമ്പാടും കേട്ടിട്ടുണ്ട്. ഓർമയിലുള്ള കഥകളെല്ലാം അവർ പറഞ്ഞുതരുകയും ചെയ്തു. "ആ നിക്കാഹ് മുടങ്ങിയെങ്കിലും ഖിലാഫത് കാലം കഴിഞ്ഞയുടനെ ഞങ്ങളുടെ ഉപ്പയുമായി (വലിയ ജാറത്തിങ്ങൽ ഇമ്പിച്ചിക്കോയ തങ്ങൾ) ഉമ്മ കുഞ്ഞാറ്റ ബീവിയുടെ കല്യാണം നടന്നു. ഞങ്ങൾ നാല് മക്കളായിരുന്നു. ഞാനും മൂന്ന് ആങ്ങളമാരും. ഉമ്മ ആ കഥകളെല്ലാം ഞങ്ങൾ മക്കൾക്ക് പറഞ്ഞുതന്നിരുന്നു. തറവാടിൻെറ ചരിത്രം ചോദിച്ച് വിദ്യാർഥികൾ ഇടക്കിടെ കാണാൻ വരാറുണ്ട്. ഉമ്മ പറഞ്ഞുതന്ന കഥകളെല്ലാം ഞാൻ അവർക്ക് പറഞ്ഞുകൊടുക്കും -മുല്ല ബീവിയുടെ മുഖത്ത് അഭിമാനത്തിൻെറ നിറചിരി. ●



• ടി.വി. അബ്ദുറഹ്മാൻ കുട്ടി



• വെട്ടംപോക്കിരിയകം തറവാട്

പാട്ടോരം

# സങ്കൽപം പീലി വിടർത്തിയ മനോഹര ഗാനം

“ അറുപതുകളിൽ മലയാള സിനിമകൾ അധികവും അറിയപ്പെട്ടത് അതിലെ ഗാനങ്ങളിലൂടെയായിരുന്നു. ആ ചലച്ചിത്രങ്ങൾ ഇന്നും ഓർമിക്കപ്പെടുന്നതാകട്ടെ അതിലെ ശ്രുതിമധുരവും അർഥസമ്പുഷ്ടവുമായ ഗാനങ്ങളിലൂടെതന്നെ

**രാധാകൃഷ്ണൻ തിരൂർ**



• ബാബുരാജ്, യേശുദാസ്, പി. ഭാസ്കരൻ

അറുപതുകളിൽ മലയാള സിനിമകൾ അധികവും അറിയപ്പെട്ടത് അതിലെ ഗാനങ്ങളിലൂടെയായിരുന്നു. ആ ചലച്ചിത്രങ്ങൾ ഇന്നും ഓർമിക്കപ്പെടുന്നതാകട്ടെ അതിലെ ശ്രുതിമധുരവും അർഥസമ്പുഷ്ടവുമായ ഗാനങ്ങളിലൂടെതന്നെ. ഒരു സിനിമയിൽ ആറും ഏഴും പാട്ടുകൾ അക്കാലത്ത് സാധാരണമായിരുന്നു. കുഞ്ചാക്കോ നിർമിച്ച് സംവിധാനംചെയ്ത 'കണ്ണപ്പനുണ്ണി' എന്ന ചിത്രം 13 ഗാനങ്ങളോടെയാണ് തിരശ്ശീലയിലെത്തിയത്. 1977ൽ പുറത്തിറങ്ങിയ ഈ വടക്കൻപാട്ട് സിനിമയിൽ രാഘവൻ മാസ്റ്ററും പി. ഭാസ്കരനും ചേർന്നൊരുക്കിയ മുഴുവൻ ഗാനങ്ങളും ഹിറ്റാവുകയും ചെയ്തു.

ഒരു സിനിമയിലെ ഗാനങ്ങളെല്ലാം ഹിറ്റാവുന്നത് ഒരു പുതുമയല്ലാത്ത കാലമായിരുന്നു അത്.

ഗാനസമൃദ്ധികൊണ്ട് പേരുകേട്ട ഇത്തരം ചിത്രങ്ങളിൽ എം.എസ്. ബാബുരാജ് എന്ന ബാബുക്കയും പി. ഭാസ്കരനും ചേർന്ന് ഒരുക്കിയ മിക്ക ഗാനങ്ങളും 'സൂപ്പർ ഹിറ്റ്' ഗണത്തിൽപ്പെടുത്താവുന്നവയായിരുന്നു. ബഷീറിന്റെ 'ഭാർഗവീനിലയ'ത്തിനുവേണ്ടി ഇരുവരും ചേർന്ന് സൃഷ്ടിച്ച എല്ലാ ഗാനങ്ങളും ഇന്നും വേദികളിലും ചാനലുകളിലും പതിവായി കേൾക്കുന്നവയാണ്.

കാലത്തെ അതിജീവിച്ച താമസമെന്തേ വരുവാൻ..., ഏകാന്തതയുടെ അപാര തീരം..., വാസന്തപഞ്ചമി നാളിൽ..., അറബിക്കടലൊരു മണവാളൻ..., പൊട്ടാത്ത പൊന്നിൻ കിനാവുകൊണ്ടൊരു..., പൊട്ടിത്തകർന്ന കിനാവ്... എന്നീ പാട്ടുകളെല്ലാം ഒന്നിനൊന്ന് മികച്ചവയാണ്.

ഇക്കൂട്ടത്തിൽപ്പെടുത്താവുന്ന മറ്റൊരു സിനിമയാണ് 1967 ൽ ഇറങ്ങിയ 'പരീക്ഷ'. ടി.എൻ. ഗോപിനാഥൻ നായർ എഴുതി പി. ഭാസ്കരൻ സംവിധാനംചെയ്ത സിനിമയിൽ അഞ്ച് ഗാനങ്ങളാണുള്ളത്. ബാബുക്ക- പി. ഭാസ്കരൻ കൂട്ടുകെട്ടിൽത്തന്നെയാണ് ഈ ഗാനങ്ങളും പിറവിയെടുത്തത്.



• എസ്. ജാനകി

എന്നാൽ, ആരും പെട്ടെന്ന് ശ്രദ്ധിക്കാത്ത ചില പ്രത്യേകതകൾ ഈ സിനിമക്കും അതിലെ ഗാനങ്ങൾക്കുമുണ്ട്. അഞ്ചു ഗാനങ്ങളിൽ നാലെണ്ണമാണ് 'സൂപ്പർ ഹിറ്റു'കളായതെങ്കിൽ അഞ്ചാമത്തെ ഗാനം ഇന്നും സംഗീതത്തെക്കുറിച്ച് അറിവുള്ളവരുടെ ഇടയിൽ നാലുഗാനങ്ങളെക്കാളും മികച്ചതാണ്.

ഒരുപക്ഷേ, മലയാള സിനിമചരിത്രത്തിലെ ഏറ്റവും മികച്ച പ്രണയ ഗാനങ്ങളുടെ പട്ടികയിൽ മുൻനിരയിൽത്തന്നെ സ്ഥാനമുള്ള ഒന്ന്.

സിനിമയിലെ നായിക ശാരദ ലജ്ജാവിവശയായി പാടിയഭിനയിച്ച

'അവിടുന്നെൻ ഗാനം കേൾക്കാൻ
ചെവിയോർത്തിട്ടരികിലിരിക്കേ
സ്വരരാഗ സുന്ദരിമാർക്കോ
വെളിയിൽ വരാനെന്തൊരു നാണം...'

എന്ന ഗാനമാണത്. എസ്. ജാനകിയുടെ ശബ്ദമാണ് ഈ ഗാനത്തെ മികച്ചതാക്കിയതിലെ ഒരു ഘടകം.

വെള്ളിത്തിരയിൽ കറുപ്പിലും വെളുപ്പിലും ജീവിതങ്ങൾ കരഞ്ഞും കരയിപ്പിച്ചും ചിരിച്ചും ചിരിപ്പിച്ചും ചിന്തിപ്പിച്ചും ഓടിമറഞ്ഞപ്പോൾ അതിനൊപ്പമെല്ലാം മികച്ച ഗാനങ്ങളുമുണ്ടായിരുന്നു. പി. ഭാസ്കരന്റെ പ്രണയം തുളുമ്പുന്ന ഭാവനക്ക് ബാബുക്ക തന്റെ മെലഡികൊണ്ട് ഇന്ദ്രജാലം സൃഷ്ടിക്കുകയായിരുന്നു ഈ ഗാനത്തിലൂടെ.

പഹാഡി രാഗത്തിൽ ഒരു ഗസലിന്റെ സൗകുമാര്യത്തോടെയാണ് ഈ ഗാനം ചിട്ടപ്പെടുത്തിയിരിക്കുന്നത്.

നായികയായ ശാരദ നായകൻ പ്രേം നസീറിന് കേൾക്കാൻ വേണ്ടി പാടുന്ന ഗാനത്തിൽ ഭാസ്കരൻ മാഷുടെ കാവ്യസങ്കൽപങ്ങൾ ശ്രോതാക്കളുടെ ഹൃദയങ്ങളെ വിറകൊള്ളിച്ചുകൊണ്ട് ഒഴുകിയെത്തുന്നുണ്ട്.

'ഏതു കവിത പാടണം നിൻ
ചേതനയിൽ മധുരം പകരാൻ
എങ്ങിനെ ഞാൻ തുടങ്ങണം നിൻ
സങ്കൽപം പീലി വിടർത്താൻ....'

തുടങ്ങിയ വരികളിൽ പ്രണയത്തിന് സ്വയം സമർപ്പിച്ച ഒരു പെൺമനസ്സിന്റെ ആശങ്കകൾ അലിഞ്ഞുചേർന്നിട്ടുണ്ട്.

'പരീക്ഷ'യിലെ മറ്റ് അഞ്ച് ഗാനങ്ങളും ഒന്നിനൊന്ന് മികച്ചതാണ്. യേശുദാസ് ആലപിച്ച 'അന്നുനിന്റെ നുണക്കുഴി തെളിഞ്ഞിട്ടില്ല...' എന്ന ഗാനം കാലഘട്ടത്തിലെ ജനകീയ ഗാനങ്ങളിലൊന്നായിരുന്നു. കല്യാണവീടുകളിലും സിനിമശാലകളിലും ഗാനമേള വേദികളിലും ഈ ഗാനം നിറഞ്ഞാടി. ഇതേ സിനിമയിലെ മറ്റൊരു പ്രശസ്ത ഗാനമാണ് 'ഒരു പുഷ്പം മാത്രമെൻ പൂങ്കുലയിൽ നിർത്താം ഞാൻ..' എന്നത്. ഇതും മലയാളികൾ നെഞ്ചേറ്റിനടന്നു. ബാബുക്ക 'ദേശ്'രാഗത്തിൽ ഈണമിട്ട ഈ ഗാനം ഒരുകാലത്തെ യുവ തലമുറയുടെ പ്രണയ ജീവിതങ്ങളോട് ചേർന്നൊഴുകിയ സൃഷ്ടിയാണ്. ജാനകിയമ്മ പാടിയ മറ്റൊരു ഗാനമായ 'എൻ പ്രാണ നായകനെ എന്തുവിളിക്കും... എങ്ങിനെ ഞാൻ നാവെടുത്ത് പേരുവിളിക്കും...' എന്ന ഗാനവും മലയാളക്കര മുഴുവൻ മുഴങ്ങി. യമുന കല്യാണിയിലാണ് ഈ ഗാനം ഈണമിട്ടിരിക്കുന്നത്. ഇതേ സിനിമയിലെ മറ്റൊരു പ്രശസ്ത ഗാനമാണ് യേശുദാസിന്റെ ശബ്ദത്തിൽ ഒഴുകിയെത്തിയ 'പ്രാണസഖി ഞാൻ വെറുമൊരു പാമരനാം പാട്ടുകാരൻ....' എന്നഗാനം. സിന്ധുഭൈരവി രാഗത്തിലാണ് ഈ ഗാനത്തിന്റെ പിറവി. സാങ്കേതികമായിപ്പറഞ്ഞാൽ സിനിമയിൽ ആറ് ഗാനങ്ങളുണ്ട്. ജനകിയമ്മ പാടിയ

'ചേലിൽ താമര പൂത്തുപരന്നൊരു
നീലജലാശയ നികടത്തിൽ
കൽപടവിങ്കലിരുന്നു കാമിനി
സ്വപ്നവിഹാര വിലാസിനിയായ്....'

എന്ന ഗാനം നാലുവരികളുള്ള ഒരു ബിറ്റ് ആയതിനാൽ ആകാശവാണിയിലൂടെയോ ചാനലുകളിലൂടെയോ ആരും കേൾക്കാറില്ലെന്നു മാത്രം.

'പരീക്ഷ'യിലെ പാട്ടുകൾക്ക് ഇനിയുമുണ്ട് പ്രത്യേകതകൾ. പാട്ടുകൾ ചിട്ടപ്പെടുത്താൻ ബാബുക്കയുടെ കൂടെ നിന്നത് പിൽക്കാലത്ത് പ്രശസ്തനായ ആർ.കെ. ശേഖർ എന്ന സംഗീതജ്ഞനാണ്; എ.ആർ. റഹ്മാന്റെ പിതാവ്. സിനിമയിൽ പശ്ചാത്തല സംഗീതമൊരുക്കിയതാകട്ടെ അറിയപ്പെടുന്ന സംഗീത സംവിധായകനായ എം.ബി. ശ്രീനിവാസനാണ്.

മികച്ച ഗാനമായിട്ടും 'അവിടുന്നെൻ ഗാനം കേൾക്കാൻ...' എന്ന ഗാനം മറ്റു ഗാനങ്ങളെ അപേക്ഷിച്ച് ജനകീയമായില്ല എന്നറിയാൻ യുട്യൂബിലെ സന്ദർശകരുടെ എണ്ണമെടുത്താൽ മാത്രം മതി. 2009ൽ അപ്ലോഡ് ചെയ്ത 'ഒരു പുഷ്പം മാത്രമെൻ പൂങ്കുലയിൽ നിർത്താം ഞാൻ..' എന്ന ഗാനത്തിന് ഇതുവരെ ഏകദേശം 13. 84 ലക്ഷത്തിലധികം കേൾവിക്കാരുണ്ടായപ്പോൾ 'അവിടുന്നെൻ ഗാനം കേൾക്കാൻ...' എന്ന ഗാനത്തിന് കേവലം ഒരുലക്ഷത്തിൽ താഴെ ശ്രോതാക്കളെ മാത്രമാണ് ലഭിച്ചത്; 74,309 പേർ മാത്രം. ഒരു ലക്ഷണമൊത്ത സൃഷ്ടി ജനങ്ങൾ ഏറ്റെടുക്കാതെപോയതിന്റെ ഉത്തമ ഉദാഹരണമാണ് ഈ ഗാനം. ●

---

കത്തുകൾ



## പച്ചയായ മനുഷ്യൻ

ലക്കം 1652 വാരാദ്യ മാധ്യമത്തിൽ മോഹൻ ചരപ്പറമ്പിൽ എഴുതിയ മൊയ്തുവിന്റെ വിടൽസഞ്ചാരങ്ങൾ എന്ന ഫീച്ചറിലൂടെ ഒരു പച്ചയായ മനുഷ്യനെ അറിയാൻ കഴിഞ്ഞു. ദൈവം സമ്മാനിച്ച അനുഗൃഹീത ശബ്ദവുമായി ഏതാണ്ട് 50 വർഷത്തിലധികമായി സംഗീതോപകരണങ്ങളൊന്നുമില്ലാതെ വായ്പാട്ടുമായി സാധാരണക്കാരന്റെ ഹൃദയങ്ങളിൽ സ്ഥാനം പിടിച്ച കലാകാരനാണ് അദ്ദേഹം.

**ജമാലുദ്ദീൻ പാലേരി, കുറ്റ്യാടി**

## അർഥവത്തായ പാട്ടുകൾ

ലക്കം 1651ൽ ശമീർ എൻ.കെ എഴുതിയ 'ജീവിതത്തുടിപ്പുള്ള മെഹർകാവ്യങ്ങൾ' എന്ന ലേഖനം ശ്രദ്ധേയമായി. അർഥവത്തായ മാപ്പിളപ്പാട്ടുകൾ കുറഞ്ഞ പുതിയ കാലത്ത് മെഹറിനെപ്പോലുള്ളവരുടെ രചനകൾ ആസ്വാദകർ ഓർമിക്കും.

**എ. ഷാഹുൽ ഹമീദ് മുസ്‌ലിയാർ**
**വിളക്കുടി കൊല്ലം**

## ഗ്രാമീണ പാട്ടുകാരൻ

വാരാദ്യ മാധ്യമത്തിൽ വന്ന വിടൽ കെ. മൊയ്തുവിനെക്കുറിച്ചുള്ള ഫീച്ചർ ശ്രദ്ധേയമായി. ആനുകാലിക സംഭവങ്ങൾ സരസമായി അവതരിപ്പിക്കുന്ന അദ്ദേഹം ഞങ്ങളുടെ ഗ്രാമത്തിൽ 20 വർഷം മുമ്പ് വന്നുപാടിയതും നാണയങ്ങൾ സ്വരൂപിച്ചുനൽകിയതും ഇന്നും ഓർമയിൽ തങ്ങിനിൽക്കുന്നു.

**ബിച്ച അഷ്റഫ് കൈതക്കോട്, കൊണ്ടോട്ടി**

## തളരാത്ത മനസ്സ്

മൊയ്തുവിന്റെ വിടൽസഞ്ചാരങ്ങൾ എന്ന ഫീച്ചർ വളരെ നന്നായിട്ടുണ്ട്. അറിയാതെ കിടന്നിരുന്ന മൊയ്തുക്കയെ ഒറ്റപ്പാട്ടിൽകൂടി ലോകമറിഞ്ഞു. ജീവിതയാഥാർഥ്യങ്ങളോട് ഏറ്റുമുട്ടി ഈ സായംസന്ധ്യയിലും തളരാത്ത മനസ്സിന്റെ ഉടമയാണ് അദ്ദേഹം.

**കെ.എം. മുച്ചികുണ്ടിൽ, മോങ്ങം**

i

## തിരുനല്ലൂർ പുരസ്കാരം

തിരുനല്ലൂർ വിചാരവേദിയുടെ അഞ്ചാമത് തിരുനല്ലൂർ പുരസ്കാരത്തിന് കൃതികൾ ക്ഷണിച്ചു. 2017, 18, 19 വർഷങ്ങളിൽ പ്രസിദ്ധീകൃതമായ കവിതാസമാഹാരങ്ങൾക്കാണ് 10,001 രൂപയും പ്രശസ്തിപത്രവുമടങ്ങുന്ന പുരസ്കാരം. കൃതികളുടെ മൂന്നു കോപ്പികൾ ഡോ. തേവന്നൂർ മണിരാജ്, സംസ്ഥാന പ്രസിഡൻറ്, തിരുനല്ലൂർ വിചാരവേദി, ഏരൂർ പി.ഒ (അഞ്ചൽ), 691312, കൊല്ലം ജില്ല എന്ന വിലാസത്തിൽ മാർച്ച് 10നകം അയക്കണം. ഫോൺ: 9847755178.

## സംസ്കാര സാഹിതി യൂസഫലി കേച്ചേരി അവാർഡ്

സംസ്കാരസാഹിതി തൃശൂർ ജില്ല കമ്മിറ്റിയുടെ യൂസഫലി കേച്ചേരി സാഹിതി അവാർഡിന് കൃതികൾ ക്ഷണിച്ചു. 10000 രൂപയും ശിൽപവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് പുരസ്കാരം. 2017,18,19 വർഷങ്ങളിൽ പുറത്തിറങ്ങിയ നോവലുകളാണ് പരിഗണിക്കുന്നത്. പുസ്തകങ്ങളുടെ മൂന്നു കോപ്പികൾ ഗ്രന്ഥകാരന്റെ ബയോഡാറ്റയോടൊപ്പം ഡോ. അജിതൻ മേനോത്ത്, ചെയർമാൻ, സംസ്കാരസാഹിതി, കാര്യാട്ടുകര, തൃശൂർ -680611 വിലാസത്തിൽ മാർച്ച് 10നു മുമ്പ് ലഭിക്കത്തക്കവിധം അയക്കണം.

വാരാദ്യമാധ്യമത്തിലേക്കുള്ള കത്തുകൾ വാട്സ്ആപ് വഴിയും രചനകൾ ഇ-മെയിലിലൂടെയും അയക്കാം
whatsapp: 9645006105
e-mail: varadyam@madhyamam.in
പത്രാധിപർ, വാരാദ്യമാധ്യമം, വെള്ളിമാട്കുന്ന്. പി.ഒ, കോഴിക്കോട് -12

---

let's watch

youtube.com/preamble to an indian citizen

# ഇന്ത്യൻ ജനതക്ക് ഒരാമുഖം



**അനസ് റഷീദ്**

“വാലില്ലാത്ത പേരുകളെയൊന്നും ഈ മണ്ണ് പെറ്റതല്ലത്രെ, എന്റെ പേരിന് വാലില്ല എനിക്കും”

അവ്വാലു പ്രൊഡക്ഷൻസ് പുറത്തിറക്കിയ 'പ്രിയാമ്പ്ൾ ടു എൻ ഇന്ത്യൻ സിറ്റിസൻ' എന്ന മ്യൂസിക്കൽ വിഡിയോയിലെ വരികളാണിത്. പൗരത്വ നിയമം അടക്കമുള്ള ഫാഷിസ്റ്റ് നിയമത്തിനെതിരായ മികച്ച സർഗാത്മക പ്രതിരോധമാണീ അഞ്ചര മിനിറ്റ് ദൈർഘ്യമുള്ള ദൃശ്യാവിഷ്കാരം. “ഉമ്മു കുൽസുമാരെ പുറത്താക്കിയപ്പോൾ ആരും മിണ്ടിയില്ല; അവരുടെ പേരുതന്നെയായിരുന്നല്ലോ അവരുടെ പ്രശ്നവും. എന്റെ പേര് കേട്ടപ്പോൾ അവർ പറഞ്ഞത് കാവലുണ്ടാവുമെന്നായിരുന്നു. എന്റെ പേര് തന്നെയല്ലേ എന്റെ വിലാസവും” എന്ന് പറഞ്ഞാണ് വിഡിയോ ആരംഭിക്കുന്നത്.

പുതിയ ജനാധിപത്യ-സ്വാതന്ത്ര്യ പോരാട്ടത്തിന്റെ പ്രതിനിധാനം, ഭാഷ, രാഷ്ട്രീയം എന്നിവ ഏറെ ചർച്ച ചെയ്യപ്പെട്ടതാണ്. ഭരണകൂടത്തിന്റെ വ്യവസ്ഥാപിതമായ അടിച്ചമർത്തലിന് വിധേയരായ ദലിത്-മുസ്‌ലിം ബഹുജൻ ഐക്യരാഷ്ട്രീയമാണ് വിഡിയോ പ്രമേയമാക്കുന്നത്. ഉമ്മുകുൽസുമാരുടെ തട്ടത്തിനോടും വാലില്ലാത്ത പേരിനോടും അവർക്കെന്തിനാണിത്ര വെറുപ്പ് എന്ന് വിഡിയോ ചോദിക്കുന്നു. സംഘ്പരിവാറിന്റെ സവർണ മേധാവിത്വത്തിലധിഷ്ഠിതമായ ദേശീയതയാണ് ഇപ്പോൾ പൗരത്വത്തെ നിർണയിക്കുന്നത്. ദേശരാഷ്ട്രം നിർമിക്കുന്ന അപരത്വത്തിലൂടെ ഏതു സമുദായത്തിനും മതത്തിനും സ്വത്വത്തിനും പൗരത്വം നിഷേധിക്കാനും ഉന്മൂലനം ചെയ്യാനും അവർക്ക് കഴിയും. എന്നാൽ, സൗഹൃദത്തിന്റെ പുതിയ രാഷ്ട്രീയത്തെ വംശീയ പദ്ധതികൾക്ക് ഇല്ലാതാക്കാൻ കഴിയില്ലെന്നും ജീവിച്ചിരിക്കുന്നതുതന്നെ ചാവാതിരിക്കാൻവേണ്ടി കൂടിയല്ല എന്നും വിഡിയോ പറയുന്നു.

ജന്മംകൊണ്ട് എന്റേതായതിനെ കടലാസ് കാണിച്ച് തെളിയിക്കാൻ പറയുന്നതിനെയും രാജ്യത്തെ ഒറ്റു കൊടുക്കാതെ ധീരമായി സ്വാതന്ത്ര്യം നേടിത്തന്നവരോട് പൗരത്വം തെളിയിക്കാൻ പറയുന്നതിനെയും അവർ ചോദ്യം ചെയ്യുന്നു. നിങ്ങൾ ഞങ്ങളെ അടർത്തിമാറ്റി മുള്ളുവേലികൾ കെട്ടുമ്പോഴൊക്കെ ഞങ്ങൾ ഒട്ടിച്ചേർന്നുനിന്ന് ഒറ്റ നിലയാകുമെന്ന വാക്കുകൾ ഇന്ത്യയിലെ ജനകീയ പ്രക്ഷോഭങ്ങളിൽ രൂപപ്പെട്ട പുതിയ മുദ്രാവാക്യങ്ങളെയാണ് ഓർമിപ്പിക്കുന്നത്.

പൗരത്വ പ്രക്ഷോഭങ്ങളിൽ തെരുവിലിറങ്ങിയ വിവിധ മുഖങ്ങളുടെ ദൃശ്യങ്ങളും ഉജ്ജ്വലമായ പശ്ചാത്തല സംഗീതവും ത്രസിപ്പിക്കുന്ന അനുഭവമാകുന്നു. മുമ്പ് പുറത്തിറങ്ങിയ 'രാവൺ' എന്ന മ്യൂസിക്കൽ ആൽബത്തിന്റെ സംവിധായകൻ ആദർശ് കുമാർ അനിയൽതന്നെയാണ് സംവിധാനവും രചനയും നിർവഹിച്ചിരിക്കുന്നത്. ബിബിൻ അശോകിന്റേതാണ് സംഗീതം. നിതീഷ് വേഗയാണ് ഛായാഗ്രഹണം നിർവഹിച്ചത്. റിസാൽ ജെയ്നി ആണ് എഡിറ്റിങ്. രാവൺ സിനിമാസിന്റെ യുട്യൂബ് ചാനലിൽ റിലീസ് ചെയ്ത വിഡിയോ ഇതിനകം തന്നെ പതിനായിരക്കണക്കിന് ആളുകളാണ് കണ്ടത്.

ഭരണഘടനയുടെ ആമുഖത്തിലൂടെയാണ് വിഡിയോ അവസാനിക്കുന്നത്. ഈ ജനാധിപത്യ പോരാട്ടത്തിൽ ഭരണഘടനാ മൂല്യങ്ങളായ നീതിയും സമത്വവുമാണ് ഏറ്റവും വലിയ ആയുധമെന്ന് ഇത് സൂചിപ്പിക്കുന്നു. ●

---

സിനിമ

# വീണുടയുന്ന ജീവിതഭരണികൾ

“ ഷിനോസ് റഹ്മാൻ-സജാസ് റഹ്മാൻ സഹോദരങ്ങൾ സംവിധാനം ചെയ്ത 'വാസന്തി' സിനിമയെ കുറിച്ച്



• വാസന്തിയായി സ്വാസിക

**വി.ആർ. രാജമോഹൻ**

സിനിമയുടെ പതിവ് വ്യാകരണങ്ങളിൽനിന്ന് വ്യത്യസ്തമായിരുന്നു 'കളിപ്പാട്ടക്കാര'നെന്ന കൊച്ചു സിനിമ. ആലുവക്കാരായ ഷിനോസ് റഹ്മാനും അനുജൻ സജാസ് റഹ്മാനും നിർമിച്ച് സംവിധാനം ചെയ്ത ഈ ചിത്രം ജയ്പൂരിലെതടക്കം ചലച്ചിത്രോത്സവങ്ങളിൽ ശ്രദ്ധിക്കപ്പെട്ടിരുന്നു. സാമ്പത്തിക പരിമിതികൾ വകവെക്കാതെ ചിത്രം പൂർത്തീകരിച്ച ശേഷം റഹ്മാൻ സഹോദരങ്ങൾ വെറുതെയിരുന്നില്ല. ധീരതയോടെ അവർ അടുത്ത ചിത്രം അനൗൺസ് ചെയ്തു -'വാസന്തി'.

ലോകം ഒരു വേദിയാണെന്നും എല്ലാ സ്ത്രീ-പുരുഷന്മാരും കേവലം അതിലെ അഭിനേതാക്കളാണെന്നും ഓരോരുത്തർക്കും അതിലേക്ക് പ്രവേശിക്കാനും പുറത്തേക്ക് പോകാനുമുള്ള വഴികൾ ഉണ്ടെന്നുമുള്ള വില്യം ഷേക്സ്പിയറുടെ പ്രശസ്ത ഉദ്ധരണി സ്ക്രീനിൽ തെളിയുന്നിടത്താണ് 'വാസന്തി' തുടങ്ങുന്നത്.

വേശ്യാലയങ്ങൾ പശ്ചാത്തലമായും വേശ്യാവൃത്തിയിലേർപ്പെട്ടിരിക്കുന്നവരെ കഥാപാത്രങ്ങളുമാക്കി നിരവധി സിനിമകൾ വന്നിട്ടുണ്ട്. താനൊരു വേശ്യയാണെന്ന് തുറന്നുപറയുന്ന 'വാസന്തി'യിലൂടെയാണ് കഥ തുടങ്ങുന്നത്. കടപ്പുറത്തെ തുറന്നവേദിയിലേക്ക് നടന്നടുക്കുന്ന വാസന്തി (സ്വാസിക) തന്നെ അസ്തിത്വം തുറന്നു പറയുന്നു. കുടുംബത്തോടൊപ്പം നാടകം കാണാനെത്തിയ ബാലുവെന്ന ഗൃഹനാഥനെ തന്റെ കഥ കേൾക്കാൻ അവൾ വേദിയിലേക്ക് ക്ഷണിക്കുന്നു.

ഫ്ലാഷ്ബാക്കിൽ അവൾ തന്റെ കഥ തുടരുന്നു. അമ്മയെ സ്ഥിരം കാണാനെത്തുന്ന സൈക്കിളിൽ വരുന്ന തടിയൻ ആരാണെന്ന് ചോദിക്കുന്നുണ്ട് ആ നിഷ്കളങ്ക ബാലിക. ചുമരിൽ കരിക്കട്ടകൊണ്ട് മീനിനെ വരക്കുന്ന അവൾ പിന്നീട് സ്ഫടികഭരണിയിൽ മീൻ വളർത്തുന്നതിൽ സന്തോഷം കണ്ടെത്തുന്നു. വീട്ടിലെ അതിഥി സ്ഥിരം താമസക്കാരനാകുമ്പോൾ അവൾ യുവതിയായി. അയാളിൽനിന്ന് രക്ഷപ്പെടുത്താനായിട്ടാകണം ദൂരെയുള്ള ബന്ധുവിന്റെ അടുത്തേക്ക് അവളെ അമ്മ പറഞ്ഞയക്കുകയാണ്. തന്റെ പ്രിയപ്പെട്ട മത്സ്യഭരണി തച്ചുടച്ച് വീട് വിടുന്ന അവളാകട്ടെ ബസ് കയറ്റിവിടാനെത്തുന്ന അമ്മയെ തിരിഞ്ഞുനോക്കുന്നതേയില്ല. ബസ് യാത്രയിൽ കണ്ട വൃദ്ധനും വിഭാര്യനുമായ രാമനോടൊപ്പം (മധു ഉമാലയം) അകലെയുള്ള ഒറ്റപ്പെട്ട സ്ഥലത്തേക്ക് പോകുകയാണ് അവൾ.

മകളെപ്പോലെ പെരുമാറിയിരുന്ന അയാൾ ഒരിക്കൽ ബലം പ്രയോഗിച്ച് കീഴ്പ്പെടുത്തുന്നതോടെ അവിടെനിന്ന് രക്ഷപ്പെടുന്നു. പേരു പോലുമറിയാത്ത യുവാവിനോടൊപ്പം നഗരത്തിലേക്ക് പോകുന്ന അവൾ അയാളൊരു മോഷ്ടാവാണെന്നും പേര് ചന്തുവെന്നാണെന്നും (ശബരീഷ് വർമ) തിരിച്ചറിയുന്നു. അവനോടും കൂട്ടുകാരൻ സുകുവിനോടുമൊപ്പം (സിജു വിൽസൺ) മോഷണത്തിന് പോകുന്നതിനിടയിൽ പൊലീസിന്റെ കൈയിൽപെട്ടു. ഭാര്യയാണെന്ന് പറഞ്ഞ് അവളെ രക്ഷിച്ച സുകു, തിരിച്ചെത്തിയ ചന്തുവിൽനിന്ന് കൈക്കലാക്കി മുതലാളിക്ക് വിൽക്കുന്നു.

തനിക്ക് സ്വയം വിൽക്കാനറിയാം എന്ന് പ്രഖ്യാപിച്ച് സുകുവിനെ തള്ളി അവൾ മുതലാളിയോടൊപ്പം പോകുന്നു. നാടകീയമായ ഒട്ടേറെ രൂപാന്തരങ്ങളിലൂടെ കഥ മുന്നേറുന്നു. ഒടുവിൽ വാസന്തിതന്നെ സ്റ്റേജിൽനിന്ന് ഉറക്കെ നാടകം അവസാനിച്ചതായി പ്രഖ്യാപിക്കുന്നു. വീണ്ടും തിരശ്ശീലയിൽ തെളിയുന്നത് ഷേക്സ്പിയറുടെ വരികൾ. വാസന്തിയോടും അവളുടെ കഥയോടുമൊപ്പം സഞ്ചരിക്കുന്ന അഭിലാഷ് ശങ്കറിന്റെ കാമറ മികച്ച നിലവാരം പുലർത്തി. ഇരുളിലെ നഗരക്കാഴ്ചയെയും കടപ്പുറത്തെ നാടകവേദിയേയും അഭിലാഷ് കൃത്യമായി ഒപ്പിയെടുത്തിട്ടുണ്ട്.

ശബ്ദവിന്യാസവും സംഗീതവും കൈകാര്യം ചെയ്ത രാജേഷ് മുരുകേശനും വസ്ത്രാലങ്കാരം നിർവഹിച്ച സുനിതയും നിശ്ചയമായും അഭിനന്ദനം അർഹിക്കുന്നു. 'വാസന്തി' സെൻസറിങ് പൂർത്തിയാക്കി നിരവധി അന്താരാഷ്ട്ര ചലച്ചിത്രോത്സവങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ●

കഥ

# ശബ്ദങ്ങളുടെ നാഗരികത



ചിത്രീകരണം: ഷബ്ന സുമയ്യ

## നിഷാന്ത് കെ.

ഞങ്ങളുടെ വണ്ടി നഗരത്തിൽനിന്നു മാറിസഞ്ചരിക്കാൻ തുടങ്ങിയിരിക്കുന്നു, നഗരത്തിൻെറതന്നെ പാർശ്വവത്കരിക്കപ്പെട്ട ഏതോ ഇടത്തിലേക്കാണ് യാത്രയെന്ന് തോന്നും വിധം. വണ്ടിയിലുള്ള മൂന്നു പേരും അവരുടേതായ ലോകത്തിൽ ചുരുണ്ടുകൂടി ഇരിക്കുകയാണ്. ഹെഡ്ലൈറ്റ് വെളിച്ചത്തിൽ പ്രത്യക്ഷമാകുന്ന റോഡും റോഡിനു വഴികാട്ടുന്ന ഒരാൾ പൊക്കമുള്ള മതിലുകളും പിന്നിൽ മറഞ്ഞുകൊണ്ടേയിരിക്കുന്നു. ഏതാണ്ട് അരമണിക്കൂർ എടുത്ത യാത്ര അവസാനിച്ചത് ഒരു ഇരുനില കെട്ടിടത്തിൻെറ മുന്നിലാണ്. സഹയാത്രികൻ ഇറങ്ങി ഗേറ്റിനെ ഒരു വലിയ ശബ്ദത്തോടെ തള്ളിനീക്കുകയും ഞങ്ങളുടെ വാഹനത്തെ അകത്തെത്തിക്കാൻ സഹായിക്കുകയും ചെയ്തു.

"മുകളിലാണ് നിങ്ങളുടെ മുറി"

എൻെറ ബാഗിനൊപ്പം കിട്ടിയ മൊഴികൾ എന്നെ ഇടതുവശത്തെ കോണിപ്പടികൾ കയറാൻ പ്രേരിപ്പിക്കുകയും തൽഫലമായി മുകളിലെ മുറിക്കു മുന്നിലെത്തിക്കുകയും ചെയ്തു. നാലാമതൊരാളാണ് വാതിൽ തുറന്നു തന്നത്. മുറി തുറന്നതും അപരിചിതത്വത്തിൻെറ തീക്ഷ്ണഗന്ധം ഞങ്ങളെ ഇരുവരെയും പൊതിഞ്ഞു .

ഇരുൾപടരാൻ തുടങ്ങുന്നതിനുമുമ്പ് സുഹൃദ്‌വലയത്തിനുള്ളിൽ കുരുങ്ങിക്കിടന്നിരുന്ന ശരീരം ഇപ്പോൾ പറിച്ചുമാറ്റപ്പെട്ടിരിക്കുന്നത് നഗരത്തിൻെറ വലയത്തിനുള്ളിൽ കുരുങ്ങിക്കിടന്നു പുറത്തെത്താനാവാതെ പിടയുന്ന ഏതോ ഇടത്താണ്. വെളിച്ചവും ശബ്ദങ്ങളും ഒരിക്കലും അസ്തമിക്കാത്ത നഗരത്തിനുള്ളിൽ മിണ്ടാനാവാതെ, മയങ്ങിക്കിടക്കുന്നവരുടെ, ഇരുൾ പടർന്ന ലോകത്ത്. അകലെയെങ്ങോ നഗരത്തിൻെറ അപ്രമാദിത്വം വിളിച്ചോതുന്ന കെട്ടിടത്തിൻെറ വെളിച്ചം ജാലകത്തിൽ വന്നടിക്കുന്നുണ്ടായിരുന്നു.

രണ്ടാം ദിനവും ഏറക്കുറെ ശബ്ദങ്ങളില്ലാതെയാണ് കടന്നുപോയത്. വാതിൽ തുറന്നപ്പോൾ എതിരേറ്റത് അടച്ചുവെച്ച ഭക്ഷണം. താഴെ ഒരു സ്ത്രീ അലക്കിക്കൊണ്ടിരിക്കുന്നു. തലേനാൾ കണ്ട മൂന്നുപേരെ അന്ന് കണ്ടതേയില്ല. ഉച്ചഭക്ഷണത്തിനുശേഷമാണ് എഴുതാനിരുന്നത്. നാലു നാളുകൾകൊണ്ട് തീർക്കേണ്ട തിരക്കഥയുടെ പാതിയെത്തിയ കടലാസുകളുമായി വരാന്തയിൽ ഇരുന്നു. മതിലിനപ്പുറം വലിയ കാടാണ്. ഇടതൂർന്ന വൃക്ഷങ്ങൾ നിറഞ്ഞ കാട് നോക്കെത്താദൂരത്തോളം പരന്നുകിടക്കുകയാണ്. അവിടെ ചക്കയും മാങ്ങയും മാത്രമല്ല സകല ഫലവൃക്ഷങ്ങളും കാണണം. കിളികളും അണ്ണാറക്കണ്ണന്മാരും മറ്റു ജീവികളും എല്ലാം അവിടെയുണ്ട്. പക്ഷേ, ആരുടെയും ശബ്ദം പുറത്തുവരുന്നില്ല. എല്ലാവരും നിശ്ശബ്ദമായി അവരുടെ ജോലികളിൽ മുഴുകിയിരിക്കുന്നു.

**ഇരുൾപടരാൻ തുടങ്ങുന്നതിനുമുമ്പ് സുഹൃദ്‌വലയത്തിനുള്ളിൽ കുരുങ്ങിക്കിടന്നിരുന്ന ശരീരം ഇപ്പോൾ പറിച്ചുമാറ്റപ്പെട്ടിരിക്കുന്നത് നഗരത്തിൻെറ വലയത്തിനുള്ളിൽ കുരുങ്ങിക്കിടന്നു പുറത്തെത്താനാവാതെ പിടയുന്ന ഏതോ ഇടത്താണ്**

നഗരത്തിൽ എത്തപ്പെട്ട ഗ്രാമവാസിയായ ചെറുപ്പക്കാരൻ പുതിയ ജീവിതവുമായി ഇഴുകിച്ചേരാൻ വിഷമിക്കുന്നതാണ് ഈ തിരക്കഥയുടെ കാതൽ. നഗരം അവൻെറ ജീവിതത്തിൽ കൊണ്ടുവരുന്ന മാറ്റങ്ങളിലൂടെയാണ് എഴുത്തു പുരോഗമിക്കുന്നത്. പേനയും പേപ്പറും വൈകുന്നേരം വരെ മടിയിൽതന്നെ വിശ്രമിച്ചു.

"കൊച്ചിൻെറ പീസു കൊടുക്കാൻ പോയത്..

ഇന്ന് കൊടുത്തില്ലേൽ വെളിയീ തള്ളും."

ആദ്യമായി കേട്ട ശബ്ദം അതായിരുന്നു. ഒരമ്മയുടെ ശബ്ദം. അകലെ ബഹുനില ക്കെട്ടിടങ്ങൾ രണ്ടെണ്ണം കാണുന്നുണ്ടായിരുന്നു അപ്പോൾ. അവയുടെ ചാരെ വറ്റിവരളാൻ തുടങ്ങിയ ഒരു തോടും. അങ്ങനെ സ്കൂളിൽ പഠിക്കുന്ന ഒരു കൊച്ചിൻെറ 'അമ്മ പറഞ്ഞ ആ വാക്കുകളിൽ മാത്രം ആ ദിനം അവസാനിക്കാൻ ഇരിക്കെയാണ് ഒരു കൗതുക കാഴ്ച കണ്ണുകളിൽ നിറഞ്ഞത്. റോഡിനപ്പുറത്തെ ആ ഓടിട്ട വീടിനു വെളിയിൽ ഇറക്കി കെട്ടിയ ഒരു ചായ്പുപോലെ എന്തോ ഒന്നുണ്ടായിരുന്നു. അവിടെ ഒരു ഫാൻ കറങ്ങിക്കൊണ്ടിരിക്കുന്നു. അതിനടിയിൽ കാറ്റുകൊള്ളുന്ന ആളിനെ കണ്ടപ്പോഴാണ് കൗതുകം വിരുന്നെത്തിയത്. കാരണം...

അതൊരു നായയായിരുന്നു.

എന്നാൽ, കാറ്റുകൊള്ളാൻ തക്ക വിലയുള്ള വിദേശ നായ്ക്കളുടെ ഗണത്തിൽപെട്ടവനല്ല. ഒരു തനിനാടൻ ചാവാലിപ്പട്ടി. ആൾ എന്തായാലും കാറ്റുകൊണ്ടങ്ങനെ സുഖിമാനായി കിടക്കുകയാണ്. നോട്ടം സ്വാഭാവികമായും വീടിൻെറ കോലായിലേക്കും അതിനു പിന്നാലെ തുറക്കപ്പെട്ടു കിടക്കുന്ന വാതിലിനപ്പുറത്തേക്കും നീങ്ങി. യേശുവിൻെറ ചിത്രം പതിച്ച കോലായിലെ ചുവരും അകത്തെ മുറിയിലെ കട്ടിലിൻെറ ഓരവും കണ്ടെടുത്ത കണ്ണുകൾ മറ്റെന്തിനോ പരതി. അൽപസമയങ്ങൾക്കുശേഷം കൗതുകക്കാഴ്ചകൾ ആവർത്തിച്ചു. ഇത്തവണ മഫ്ത അണിഞ്ഞ ഒരു മുസ്ലിം പെൺകുട്ടി ആയിരുന്നു വീടിനുള്ളിൽനിന്ന് പുറത്തേക്കിറങ്ങിവന്നത്. ഞാൻ ചുമരിലെ യേശുവിനെയും ആ പെൺകുട്ടിയെയും മാറിമാറി നോക്കിയെങ്കിലും ഇരുൾമൂടുന്നതുവരെ അവരാരും എന്നെ കണ്ടില്ല. അകലെ ബഹുനില കെട്ടിടങ്ങളിൽനിന്ന് വെളിച്ചം പരക്കാൻ തുടങ്ങിയിരുന്നു. മൂന്നുകെട്ടിടങ്ങളിൽനിന്നും വന്നിരുന്ന വെളിച്ചത്തിൻെറ നിറം വ്യത്യസ്തമായിരുന്നു.

ഗ്രാമത്തിൽനിന്ന് അവൻ ഉയർന്ന ഉദ്യോഗവുമായിട്ടാണ് നഗരത്തിൽ എത്തുന്നത്. നഗരം അവനെ ഇരുകൈയും നീട്ടി ആലിംഗനം ചെയ്യുകയായിരുന്നു. ജീവിതത്തിൽ ഇതുവരെ ആസ്വദിക്കാത്ത എല്ലാ ലഹരികളും അവനു നൽകിക്കൊണ്ട് നഗരം അവനെ വരിഞ്ഞുമുറുക്കി. നഗരത്തിൽ തൻേറതായ ഒരിടവും കൂട്ടുകെട്ടുകളും വാഹനവും നേടിയ അവൻ ഗ്രാമത്തിൽനിന്ന് അകലുന്ന മുഹൂർത്തങ്ങൾ എഴുതുമ്പോൾ ചടുലൻ താളങ്ങളുടെ പിൻബലത്തോടെയുള്ള പാട്ടായിരുന്നു മനസ്സിൽ.

വേഗത്തിലോടുന്ന ജീവിതം. നഗരത്തിലെ വേഗത്തിലോടുന്ന ജീവിതം. ഭക്ഷണം തണുത്താറിയിരിക്കുന്നു. ആ സ്ത്രീ എപ്പോഴോ കൊണ്ടുവന്നു വെച്ചുപോയതാകണം. മുന്നിലുള്ള ആ കാട്ടിലൂടെ ആ സ്ത്രീ നടന്നുപോകുന്നത് ഇരുട്ടിലും കാണാമായിരുന്നു. ചില മിന്നാമിനുങ്ങുകൾ അവർക്കു ചുറ്റും പാറിക്കളിക്കുന്നതാവാം കാരണം. ഒരു വാഹനത്തിൻെറ വെളിച്ചം...

ഗേറ്റിനരികിൽ എത്തിനിൽക്കുന്ന വാഹനം.

കലപില സംസാരിച്ച് അതിനകത്തുനിന്ന് ഇറങ്ങുന്ന ഒരാൾ ഗേറ്റ് തള്ളിത്തുറക്കുന്നു. കാറിനകത്ത് ഡ്രൈവർമാരും കൂടാതെ നഗരവുമായി ഇണങ്ങിച്ചേർന്ന ആ ചെറുപ്പക്കാരനും. ചുറ്റുമുള്ള വീടുകളിൽനിന്ന് വെളിച്ചം വരാൻ തുടങ്ങിയിരിക്കുന്നു. എവിടെനിന്നോ ഒരു ജർമൻ ഷെപ്പേഡിൻെറ കുര. ആ ചെറുപ്പക്കാരൻ മുകളിലേക്ക് കയറിവരുന്നു. അയാളുടെ ചവിട്ടടികളുടെ ശബ്ദം.

മുന്നിലുള്ള കാട്ടിലേക്ക് നോക്കി. അവിടെ, മുദ്രണം ചാർത്തിയ ചുണ്ടുകളുമായി ആ സ്ത്രീയും ഇന്നലെ കൂടെയുണ്ടായിരുന്നവരും. വലിയ ശബ്ദത്തോടെ വീണുകൊണ്ടിരിക്കുന്നു ആ കാട്ടിലെ വൃക്ഷങ്ങൾ. അടുത്തേക്ക് വന്നുകൊണ്ടിരിക്കുന്ന ബഹുനില ക്കെട്ടിടങ്ങളിലെ വെളിച്ചം. ●

വായന

# യാഥാർഥ്യങ്ങളിലേക്കുള്ള കഥാസഞ്ചാരങ്ങൾ

## അസീസ് തരുവണ

തമിഴും മലയാളവും തമ്മിലുള്ള ബന്ധം ചിരപുരാതനമാണ്. മലയാള ഭാഷയുടെ പ്രാഗ് രൂപമാകട്ടെ, തമിഴും മലയാളവും ഇഴപിരിക്കാനാകാത്ത വിധം കെട്ടുപിണഞ്ഞതുമായിരുന്നു. മലയാളവും തമിഴുമടക്കമുള്ള ദക്ഷിണേന്ത്യൻ ഭാഷകൾ മൂലദ്രാവിഡ ഭാഷയിൽ നിന്ന് രൂപം കൊണ്ടതാണെന്ന വസ്തുത തെളിയിക്കപ്പെട്ടതുമാണ്. സമീപകാലത്തായി വിവർത്തനങ്ങളിലൂടെ ഇരു ഭാഷകളും തമ്മിൽ കൂടുതൽ കൂടുതൽ സമ്പർക്കത്തിലായിക്കൊണ്ടിരിക്കുകയാണ്. സമീപകാലത്ത് തമിഴിൽ നിന്ന് മലയാളത്തിനു കിട്ടിയ ശ്രദ്ധേയമായ കൃതിയാണ് എ.പി.കുഞ്ഞാമു വിവർത്തനം ചെയ്ത ദേവിഭാരതിയുടെ 'ദൽഹിയിലേക്കുള്ള തീ വണ്ടി' എന്ന കഥാസമാഹാരം. പ്രമേയപരമായും മറ്റും ആഴമാർന്ന പഠനമർഹിക്കുന്ന ഒട്ടേറെ സവിശേഷതകളുള്ള കഥകളാണിതിലുള്ളത്. 'ദൽഹിയിലേക്കുള്ള തീവണ്ടി (പിറകൊരു ഇരവ്) എന്ന സാമാന്യം ദീർഘമായ കഥയടക്കം അഞ്ചു കഥകളാണ് ഈ സമാഹാരത്തിലുള്ളത്. വിവർത്തന കൃതി എന്ന തോന്നലില്ലാതെ, തട്ടും തടവുമില്ലാതെ വായിച്ചുപോകാവുന്ന ഭാഷയാണ് ദൽഹിയിലേക്കുള്ള തീവണ്ടിയുടേത്.

മഹാത്മാഗാന്ധിയുടെ അന്ത്യനാളുകൾ ഹൃദയസ്പർശിയായി അവതരിപ്പിക്കുന്ന കഥയാണ് 'ദൽഹിയിലേക്കുള്ള തീവണ്ടി'. യാഥാർഥ്യവും ഫാൻറസിയും കൂട്ടിക്കലർത്തി അതിമനോഹരമായി ഗാന്ധിയുടെ അന്ത്യദിനങ്ങൾ ഈ കഥയിൽ അനാവരണം ചെയ്യുന്നു.



**ദൽഹിയിലേക്കുള്ള തീവണ്ടി**
ദേവി ഭാരതി
വിവ: എ.പി. കുഞ്ഞാമു
ഫോളിയോ ബുക്സ്
പേജ്: 160, വില: 100 രൂപ

വ്യാജ ഗാന്ധിയന്മാർ മഹാത്മജി ജീവിച്ചിരുന്ന കാലത്തുതന്നെ പെരുകിയിരുന്നുവെന്നും അവർക്കൊന്നും 'യഥാർഥ ഗാന്ധി'യാകുവാൻ കഴിഞ്ഞിരുന്നില്ല എന്നുമുള്ള യാഥാർഥ്യം ഈ കഥ തുറന്നുകാണിക്കുന്നു. ഈ കഥയെപ്പറ്റി ദേവി ഭാരതി പറയുന്നത് ഇങ്ങനെയാണ്: 'ഒരു പ്രത്യേക ചരിത്രഘട്ടത്തിലാണ് പിറകൊരു ഇരവ് പുറത്തുവന്നത്.

ഗോധ്ര സംഭവത്തെത്തുടർന്ന് ഗുജറാത്തിലുണ്ടായ വംശഹത്യയിൽ നിരപരാധികളും എതിർത്തുനിൽക്കാൻ ശേഷിയില്ലാത്തവരുമായ ആയിരക്കണക്കിന് മുസ്ലിംകൾ, അക്രമാസക്തരായ ആളുകളുടെ കൈകളാൽ വധിക്കപ്പെട്ടു. സങ്കൽപിക്കാൻപോലും പറ്റാത്ത അത്തരം ക്രൂരകൃത്യങ്ങളും ധാർമികതയുടെ പരാജയവും നമ്മുടെ കാലത്താണ് സംഭവിച്ചത്.

ഗാന്ധിജി പ്രസരിപ്പിച്ച ചൈതന്യം നമ്മുടെ പൊതുഇടങ്ങളിൽ നിന്ന് അപ്രത്യക്ഷമായിരിക്കുന്നു. ധാർമികമായ ആശയക്കുഴപ്പത്തിൽ പെട്ടുഴലുന്ന സമൂഹത്തിൽ ഗാന്ധിക്ക് പല ഭാഷ്യങ്ങളുണ്ടാവാം. നമ്മുക്കിടയിൽ മഹാത്മജി ജീവിച്ചിരിപ്പുണ്ടായിരുന്നുവെങ്കിൽ ഗുജറാത്ത് വംശഹത്യ സംഭവിക്കുമായിരുന്നുവോ? നമ്മുടെ മണ്ണിൽനിന്ന് എങ്ങനെയാണ് ഗാന്ധിയുടെ ചൈതന്യം മാഞ്ഞുപോയത്? മഹാത്മാ ഗാന്ധിയുടെ ജീവിതവും ചൈതന്യവുമായി ബന്ധപ്പെട്ടുനിൽക്കുന്ന ഒരു രാജ്യത്ത്, നാം ആരൊക്കെയായി മാറിപ്പോയി?..."

ഒരു കാലത്ത് തമിഴിലെ പുരോഗമന സാഹിത്യ പ്രസ്ഥാനവുമായും സംഘടനകളുമായും ബന്ധപ്പെട്ടു പ്രവർത്തിച്ചയാളാണ് കഥാകൃത്ത്. പിന്നീട് ടോൾസ്റ്റോയി, മഹാത്മജി തുടങ്ങിയവരുടെ അഹിംസ ആശയങ്ങളിൽ ആകൃഷ്ടനായി മാറി. അതിനാൽ, ജീവിത യാഥാർഥ്യങ്ങളെ വേറിട്ട കാഴ്ചയിലൂടെയാണ് ഈ സമാഹാരത്തിലെ കഥകളിൽ അദ്ദേഹം ആവിഷ്കരിക്കുന്നത്.

'ഇര' ഒരർഥത്തിൽ ദലിത് കഥയാണ്. അയിത്തജാതിക്കാരനായ, സവർണരുടെ വീടുകളിലെ മലം ചുമക്കാൻ വിധിക്കപ്പെട്ട ഒരു സമുദായത്തിലെ ഇളമുറക്കാരനും തൻെറ പ്രപിതാക്കന്മാരെ നിന്ദിക്കുകയും അവഹേളിക്കുകയും മലം ചുമക്കാൻ കൽപിക്കുകയും ചെയ്ത സവർണ വിഭാഗത്തിലെ പുതുതലമുറക്കാരിയുമാണ് ഈ കഥയിലെ നായികാനായകന്മാർ. കഥ അവസാനിക്കുന്നത്-എങ്ങനെ കഥ അവസാനിപ്പിക്കാമെന്ന് അനുവാചകരോട് ചോദിച്ചുകൊണ്ടാണ്. പല സാധ്യതകളും കഥാകൃത്ത് അവതരിപ്പിക്കുന്നു. കത്തി, യന്ത്രം, ഒരു നിമിഷം മാത്രം തുടങ്ങിയ കഥകൾ സവിശേഷ പഠനമർഹിക്കുന്നവയാണ്. ●

കവിത



# കഴുതരാജാവ്

## മഞ്ജു പി.എൻ.

കഴുതക്ക് സിംഹത്തിൻെറ
മുഖച്ഛായയാണെന്ന്
ഒരു കുറുക്കൻ പറഞ്ഞു.
മറ്റു കുറുക്കന്മാർ അതേറ്റുപറഞ്ഞു.
കഴുത അതുകേട്ടിളിച്ചു.
തലയൊന്നുയർത്തി ഗമകൂട്ടി.
വാലിട്ടടിച്ച്, കുളമ്പിട്ടടിച്ച്
തുള്ളിച്ചാടിയോടി.
കുളമ്പിനടിയിൽപ്പെട്ട്
അരണയും പഴുതാരയും
തവളയും ഞാഞ്ഞൂലുമൊക്കെ
ഞെരിഞ്ഞു.
ആമകൾ രക്ഷപ്പെട്ടു.
കഴുതക്കരച്ചിൽ ഗർജനമെന്ന്
കുറുക്കന്മാർ കൂവി.
വാലിട്ടടിച്ച്, കുളമ്പിട്ടടിച്ച്
കഴുത 'ഗർജനത്തോടുഗർജനം.'

"നീയൊരു കഴുതയാണ്, കഴുത മാത്രം..."
ഒറ്റക്കും കൂട്ടായും
കുരങ്ങന്മാരും അണ്ണാന്മാരും
ആനകളും മാനുകളും
എല്ലാവരും വിളിച്ചുപറഞ്ഞു.
കുറുക്കന്മാരുടെ കൂവൽ മാത്രം
കഴുതയുടെ കാതിൽ നിറഞ്ഞു:
"നിനക്ക് സിംഹത്തിൻെറ മുഖച്ഛായയാണ്,
നീയൊരു സിംഹമാണ്."

"കുറുക്കന്മാർ മാത്രം മതി
ഇനിയീ കാട്ടിൽ"
കഴുതരാജാവ് ഗർജനം മുഴക്കി.
ആലിലകൾ വിറക്കുന്നതുകണ്ട്
പുളകംകൊണ്ടു.
കാട്ടിൽ, പരിഹാസങ്ങളും
പ്രതിഷേധങ്ങളും നടക്കേ,
വന്മരങ്ങളുടെ ഉയർന്ന കൊമ്പുകളിലിരുന്ന്
കുരങ്ങന്മാർ തലയറിഞ്ഞുചിരിച്ചു.
അവർക്കുകാണാം,
കഴുതരാജാവിൻെറ നിലക്കാറായ ഓട്ടവും
തൊട്ടുമുന്നിലെ ചതുപ്പും
അതിനപ്പുറം,
പൂത്തുനിൽക്കുന്ന കാടും.

കൂലങ്കഷം


വരി: മെഹദ് മഖ്ബൂൽ വര: യാസിർ മുഹമ്മദ്

'കള്ളനല്ലേ നിങ്ങൾ?'




'അല്ല , കാവൽക്കാരനാണ്.
നിങ്ങളുടെ മുതലുകൾ എടുത്ത് കൊണ്ട് വന്നത് അവയ്ക്ക് കാവൽ നിൽക്കാനാണ് !'

പുസ്തകം



**നമ്മുടെ ഭരണഘടന**
അജി നെല്ലനാട്
പേജ്: 110, വില: 120.00
ഡി.സി റഫറൻസ്

ഭരണഘടനയുടെ പുനർവായന ആവശ്യപ്പെടുന്ന സമകാലിക സാഹചര്യത്തിൽ ഏറെ പ്രസക്തമായ പുസ്തകം. ലളിതമായ അവതരണം.



**ഇമാം, ചന്ദ്രശേഖർ ആസാദ് റാവൺ**
എഡി: പി.എസ്. സുബിൻ
പേജ്: 128, വില: 160.00
വിദ്യാർഥി പബ്ലിക്കേഷൻസ്

പൗരത്വ ഭേദഗതി നിയമത്തിനെതിരായ പ്രതിഷേധങ്ങളുടെ നായകസ്ഥാനത്ത് എത്തിയ ചന്ദ്രശേഖർ ആസാദ് റാവണിൻെറ രാഷ്ട്രീയവും നിലപാടുകളും ചർച്ച ചെയ്യുന്നു.




**കേരളചരിത്രം തിരുത്തിക്കുറിച്ച മഹാ സംഭവങ്ങൾ**
വേലായുധൻ പണിക്കശ്ശേരി
പേജ്: 144, വില: 160.00
ഡി.സി ബുക്സ്

കേരളീയ നവോത്ഥാനം, സ്വാതന്ത്ര്യസമരം എന്നിങ്ങനെ കേരളചരിത്രത്തിലെ നിർണായക മുഹൂർത്തങ്ങളെ നിർണയിച്ച സംഭവവികാസങ്ങളിലൂടെ.




**എർവിൻ ഷ്രോഡിംഗർ, തരംഗങ്ങൾ**
സൃഷ്ടിച്ച മനുഷ്യൻ (ജീവചരിത്രം)
ജോർജ് വർഗീസ്
പേജ്: 204, വില: 290.00
ഡി.സി ബുക്സ്

ആധുനിക ശാസ്ത്രത്തിന് അപൂർവ സുന്ദരമായ അധ്യായങ്ങൾ എഴുതിച്ചേർത്ത എർവിൻ ഷ്രോഡിംഗറുടെ പ്രണയാർദ്രമായ ജീവചരിത്രത്തിലൂടെ.



**പരിസ്ഥിതിയും ജൈവവൈവിധ്യവും (പഠനം)**
സുരേഷ് മണ്ണാറശ്ശാല, രേണുക ആർ.
പേജ്: 175, വില: 180.00
ഡി.സി റഫറൻസ്

പരിസ്ഥിതിയുടെ ഘടകങ്ങൾ, നിർവചനം, പരിസ്ഥിതി അവബോധം തുടങ്ങി ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ.




**യുമ (കഥ)**
നിഗാർ ബീഗം
പേജ്: 98, വില: 100
ഹരിതം ബുക്സ്

ലളിതമായ ഭാഷയിൽ എഴുതപ്പെട്ട ഒരുകൂട്ടം കഥകൾ. എഴുത്തുകാരി എവിടെയോ കണ്ടുമുട്ടിയ ജീവിതങ്ങളാണ് അവയിലെ കഥാപാത്രങ്ങൾ.



**മഴയത്ത് തോരാനിട്ടത് (കഥ)**
ശ്രീജ വേണുഗോപാൽ
പേജ്: 96, വില: 100.00
സൈകതം ബുക്സ്

പേരുപോലെ ധ്വനിഭംഗിയുള്ള കഥകൾ. ഭാഷയുടെ ലാളിത്യവും ആഖ്യാനത്തിലെ അനായാസതയും വായന എളുപ്പമാക്കുന്നു.




**സൗദി പ്രവാസം ഒരു മുഖവുര (പഠനം)**
മുഹമ്മദ് നജാത്തി
പേജ്: 169, വില: 200
ഒലിവ്

സൗദി പ്രവാസികൾക്കും സൗദി അറേബ്യ സന്ദർശിക്കാനെത്തുന്നവർക്കും മികച്ച കൈപുസ്തകമാണിത്.

madhyamam HOT SPOT

നഹീമ പൂന്തോട്ടത്തിൽ



# Bullet girls

**സദാ തിരക്കേറിയ എറണാകുളം കണ്ടെയ്നർ റോഡ്. 'കിലോമീറ്റർ' നീളമുള്ള കണ്ടെയ്നർ ട്രെയിലറുകൾ പാഞ്ഞോടുന്ന നാലുവരിപ്പാത. അതിനിടയിലൂടെ ഒരുതരി വിറയലുമില്ലാതെ സ്റ്റൈലായി ബുള്ളറ്റ് ഓടിച്ചൊരു പെണ്ണ്. ഇത് അതിശയിപ്പിക്കുന്ന കാഴ്ചയല്ല ഇന്ന്. എന്നാൽ, അതിനു പിന്നിൽ കൊച്ചിയിൽ ഒരാളുണ്ട്. ബുള്ളറ്റിനെ ജീവനോളം പ്രണയിച്ച, ബുള്ളറ്റ് ഓടിക്കാനും മറ്റു പെൺകുട്ടികളെ ഓടിക്കാൻ പഠിപ്പിക്കാനുമായി ജീവിതം മാറ്റിവെച്ച കടവന്ത്രക്കാരി സോണിയ ഗ്രേഷ്യസ്**

Moto Maniac

### ലേഡി റൈഡേഴ്സ് കൂട്ടായ്മ

സ്വകാര്യബാങ്കിലെ ജോലിപോലും ഉപേക്ഷിച്ച് ബുള്ളറ്റ് പരിശീലന രംഗത്തേക്കിറങ്ങിയതാണ് സോണിയ. ഇവരുടെ നേതൃത്വത്തിൽ രണ്ടു വർഷം മുമ്പ് തുടങ്ങിയ 'ബൈക്ക് ആൻഡ് ബുള്ളറ്റ് ലേഡി റൈഡേഴ്സ്' കൂട്ടായ്മയിൽ ഇന്ന് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള നൂറോളം പേരുണ്ട്.

### ബുള്ളറ്റ് ഓടിപ്പിക്കും

13 പേരുമായി 2018 ജൂലൈ 13നാണ് കൂട്ടായ്മയുടെ തുടക്കം. പിന്നീട് വാർത്തകളിലൂടെയും അംഗങ്ങളിലൂടെയും അറിഞ്ഞ് കൂടുതൽ പേർ തേടിയെത്തി. ബുള്ളറ്റ് സ്ഥിരമായി ഓടിക്കുന്നവരും ഓടിക്കാൻ പഠിക്കാൻ ആഗ്രഹിക്കുന്നവരും ഇക്കൂട്ടത്തിലുണ്ട്. അങ്ങനെ സോണിയ ബുള്ളറ്റ് പരിശീലനം തുടങ്ങി. ഇതിനകം വിവിധ ജില്ലക്കാരായ 50 പേർക്ക് പരിശീലനം നൽകി. ഇതുകൂടാതെ കൂട്ടായ്മയുടെ നേതൃത്വത്തിൽ യാത്രകളും.





• സോണിയ 'ബൈക്ക് ആൻഡ് ബുള്ളറ്റ് ലേഡി റൈഡേഴ്സ്' കൂട്ടായ്മയിലെ അംഗങ്ങൾക്കൊപ്പം

### കട്ട ഓഫ്റോഡ് യാത്ര

അടുത്തിടെ ആനകളുടെ താഴ്വാരം എന്ന, എത്തിപ്പെടാൻ ഏറെ ബുദ്ധിമുട്ടേറിയ ഇടുക്കിയിലെ പാൽക്കുളമേട് ഓഫ്റോഡ് സഞ്ചാരകേന്ദ്രത്തിലേക്ക് സോണിയയുടെ നേതൃത്വത്തിൽ ബുള്ളറ്റ് റാണിമാർ പോയി. "ഓഫ് റോഡ് എന്നൊക്കെ പറഞ്ഞപ്പോൾ റോഡ് എന്ന ചെറിയൊരു പ്രതീക്ഷയുണ്ടായിരുന്നു, പക്ഷേ, ഇത് സങ്കൽപിക്കാൻപോലും കഴിയാത്ത കട്ട ഓഫ് റോഡ്. ഉരുണ്ടും പിരണ്ടുമാണ് എല്ലാവരും മുകളിലെത്തിയത്. ആനകൾ എപ്പോഴും ഉണ്ടാകുന്ന സ്ഥലമാണ്. അധിക സമയം നിൽക്കാൻ പറ്റില്ല. എന്നാലങ്ങോട്ട് എത്തിപ്പെടാൻ വൈകിയതുകൊണ്ടുതന്നെ തിരിച്ചിറങ്ങാനും പാടുപെട്ടു. മറക്കാനാവില്ല ആ യാത്ര" -സോണിയക്ക് ചിരി.

ഇതിനു തൊട്ടുമുമ്പ് ഇടുക്കി ഡി.ടി.പി.സി സംഘടിപ്പിച്ച മൂന്നാർ വിൻറർ കാർണിവൽ പ്രചാരണാർഥം 14 ബുള്ളറ്റുകളിൽ 22 വനിതകൾ കുതിച്ചിരുന്നു. ഇവർക്ക് മൂന്നാറിലെ സ്ത്രീകൾ നൽകിയ രാജകീയ സ്വീകരണം ഒരിക്കലും മറക്കാനാവില്ല. പെൺ റൈഡേഴ്സിന്റെ അടുത്ത ലക്ഷ്യം ചെറുതൊന്നുമല്ല. ജൂണിൽ പത്തുപേരടങ്ങുന്ന സംഘത്തിന്റെ ബുള്ളറ്റ് ഹിമാലയത്തിലും മേളം തീർക്കും. സ്വപ്നയാത്രക്കുള്ള കാത്തിരിപ്പിലാണ് സംഘം.

### എല്ലാം വെറും ത്രില്ലല്ല

14ാം വയസ്സിൽ ബൈക്കോടിക്കാൻ പഠിച്ച സോണിയക്ക് റൈഡിങ്ങും ഓടിപ്പിക്കലും വെറും ത്രിൽ മാത്രമല്ല, ജീവിതത്തിന്റെ ഘടകംകൂടിയാണ്. സമയമനുസരിച്ച് എത്ര പേർക്കു വേണമെങ്കിലും ചക്രമുരുട്ടൽ പാഠങ്ങൾ പകരാൻ തയാർ. വീട്ടിൽനിന്ന് 10 കി.മീ പരിധിയിൽ വിളിച്ചാൽ എത്തും. സ്വന്തം ബൈക്കും ബുള്ളറ്റുമാണ് പരിശീലനത്തിന് ഉപയോഗിക്കുന്നത്. ശിഷ്യരിൽനിന്നു കിട്ടുന്ന സ്നേഹവും ഹൃദയം നിറഞ്ഞ വാക്കുകളുമാണ് ഇവർക്ക് ഊർജം. ഇവരുടെ ക്ലബിലെ ഡിഗ്രിക്കാരായ ഹെന്നയെയും റിൻസിയെയും ഏറ്റവും പ്രായമുള്ള മിൻമിനി അഗസ്റ്റിനെയുമെല്ലാം ഒരുമിപ്പിക്കുന്നത് ഒരേയൊരു വികാരമാണ്; ബുള്ളറ്റും അത് നൽകുന്ന സ്വാതന്ത്ര്യവും.

# ത്രില്ലിങ് ജ്യുവൽ by techies



• 'ജ്യുവൽ' അണിയറപ്രവർത്തകരായ ഷാഹുൽ, മനു, ആര്യ, മിനു, ജേക്കബ്, സരിൻ, വരുൺ

പി. ലിസി

**ഇൻഫോസിസിലെ ഒരു കൂട്ടം ടെക്കീസിന്റെ 'ജ്യുവൽ' മിനി ഫീച്ചർ ഫിലിം തരംഗമാകുന്നു...**

ഇടം വലം തിരിയാൻ സമയമില്ലാത്ത ഐ.ടി ജോലിക്കിടയിലും അവരുടെ ഉള്ളിൽ ഒരു സ്വപ്നം കെടാതെ നിന്നു. കമ്പ്യൂട്ടർ സ്ക്രീനിൽനിന്ന് ബിഗ് സ്ക്രീനിലേക്കുള്ള വലിയൊരു സ്വപ്നം. ആ സ്വപ്നത്തിന് എട്ടുവർഷത്തെ പഴക്കമുണ്ട്. ആ യാത്ര എത്തിനിൽക്കുന്നത് യൂട്യൂബിൽ മികച്ച അഭിപ്രായം നേടുന്ന 'ജ്യുവൽ' എന്ന മിനി ഫീച്ചർ ഫിലിമിലാണ്. തിരുവനന്തപുരം ടെക്നോ പാർക്കിലെ സോഫ്റ്റ് വെയർ എൻജിനീയറായ നിതിൻ നന്ദകുമാറാണ് ഈ മൂന്ന് ഷോർട്ട് ഫിലിമുകളും സംവിധാനം ചെയ്തിരിക്കുന്നത്. നിതിനെ കൂടാതെ ഉണ്ണി ഉദയകുമാർ, മിനു ജേക്കബ്, ജേക്കബ് ചെത്തിമറ്റം, സരിൻ, ആര്യ തുടങ്ങിയവരാണ് ഈ സിനിമ കമ്പനിയിലെ മറ്റ് അംഗങ്ങൾ.

ക്രിയേറ്റിവ് ടീമിൽ 11 പേരായിരുന്നു ഉണ്ടായിരുന്നത്. അതിൽ ആറുപേർ ഇൻഫോസിസിൽതന്നെയാണ് ജോലി ചെയ്യുന്നത്. ബാക്കി അഞ്ചുപേർ ഇൻഫോസിസ് മുൻ ജീവനക്കാരാണ്. കഥ, തിരക്കഥ, സംഭാഷണം, സംവിധാനം, അഭിനയം, എഡിറ്റിങ്, സിനിമോട്ടോഗ്രഫി, സംഗീതം തുടങ്ങി കാമറക്ക് മുന്നിലും പിന്നിലും സജീവമായിതന്നെ ഇവരുണ്ട്. മിനു ജേക്കബാണ് ടൈറ്റിൽ റോളിലെത്തിയിരിക്കുന്നത്. സരിൻ, ജേക്കബ് ചെത്തിമറ്റം, മഹേഷ് നായർ, നിമിഷ സണ്ണി, മനു മാധവൻകുട്ടി, സോണാലി, സൗമ്യ, കൃഷ്ണ പ്രവീണ തുടങ്ങിയവരാണ് മറ്റ് അഭിനേതാക്കൾ. രാകേഷ് കേശവൻ ആണ് സംഗീതം നിർവഹിച്ചിരിക്കുന്നത്. ഗാനരചന മിനു ജേക്കബും സംഭാഷണം ഉണ്ണി ഉദയകുമാറും നിർവഹിച്ചു. മിഥുൻ ഹരി, ഉണ്ണി ഉദയകുമാർ, നിതിൻ ഇവരാണ് ജ്യുവൽ നിർമിച്ചിരിക്കുന്നത്.



• നിതിൻ നന്ദകുമാർ

വിശ്വപ്രസിദ്ധമായ ഡ്രാക്കുള നോവലിൽനിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് ജ്യുവൽ ഒരുക്കിയിരിക്കുന്നത്. ഒരു മിസ്റ്ററി വേൾഡിൽ നടക്കുന്ന കഥയായതുകൊണ്ടുതന്നെ മേക്കിങ്ങിൽ ഏറെ പുതുമകളുണ്ട്. 45 മിനിറ്റ് ദൈർഘ്യമുള്ള ജ്യുവൽ ത്രില്ലർ സ്വഭാവമുള്ള മൂവിയാണ്. നോവലിനോട് നീതിപുലർത്തുന്നതിനുവേണ്ടി ഇംഗ്ലീഷിലാണ് സംവിധാനം ചെയ്തിരിക്കുന്നത്.

ഇവരുടെ സൗഹൃദവലയത്തിൽ നിന്ന് ക്യാപ്പൂച്ചിനോ, ഇശൽ തുടങ്ങിയ ഷോർട്ട് ഫിലിമുകൾ നേരത്തേ പുറത്തിറങ്ങിയിട്ടുണ്ട്. ഇതിൽ ക്യാപ്പൂച്ചിനോക്ക് 17 ലക്ഷവും ഇശലിന് രണ്ടുലക്ഷവും കാഴ്ചക്കാരുണ്ട്. ആ പിന്തുണ തന്നെയാണ് ജ്യൂവൽ ഒരുക്കാനുള്ള ധൈര്യം തന്നതെന്ന് സംവിധായകൻ നിതിൻ നന്ദകുമാർ പറയുന്നു. സാധാരണ കണ്ടുവരാറുള്ള ഷോർട്ട് ഫിലിമിൽനിന്ന് വ്യത്യസ്തമായി സിനിമയോട് വളരെ അടുത്തു നിൽക്കുന്ന രീതിയിലാണ് ജ്യുവലിന്റെ മേക്കിങ് നടത്തിയിരിക്കുന്നത്. ആമസോൺ പ്രൈമിലാണ് ആദ്യം ജ്യുവൽ പുറത്തിറക്കിയത്. തുടർന്ന് തിരുവനന്തപുരം മാൾ ഓഫ് ട്രാവൻകൂറിലെ കാർണിവലിലും ആസ്ട്രേലിയയിലെ മെൽബണിലും പ്രീമിയർ ഷോ നടത്തിയിരുന്നു. തിയറ്റർ എക്സ്പീരിയൻസ് കിട്ടുന്നതിനുവേണ്ടി സൗണ്ട് മിക്സിങ്ങിനും കാമറക്കും കൂടുതൽ പ്രാധാന്യം നൽകിയിരുന്നു. ഫോർട്ട് കൊച്ചി, വാഗമൺ, തിരുവനന്തപുരം തുടങ്ങിയ സ്ഥലങ്ങളിലായി 10 ദിവസമായിരുന്നു ഷൂട്ട് നടത്തിയത്.

ഇതിലെ ഒരു ഗാനരംഗം ചിത്രീകരിച്ചിരിക്കുന്നത് സിനിമ ഷൂട്ടിങ്ങിനുപയോഗിക്കുന്ന സാങ്കേതിക മേന്മയേറിയ ആരി അലെക്സ എക്സ് ടി മൂവി കാമറ ഉപയോഗിച്ചാണ്. കൊളംബിയ, യു.കെ, തിരുവനന്തപുരം ടെക്നോ പാർക്കിലെ പ്രതിധ്വനി തുടങ്ങിയ ഫിലിം ഫെസ്റ്റിവലിലേക്കും ചിത്രം തെരഞ്ഞെടുക്കപ്പെട്ടിരുന്നു.

സിനിമയെന്ന സ്വപ്നം ഉടൻ സഫലമാക്കാനുള്ള തയാറെടുപ്പിലാണ് ഈ കൂട്ടുകാർ. തിങ്കൾ മുതൽ വെള്ളിവരെ ഓഫിസ് ജോലി. ഒഴിവ് ദിവസങ്ങളിലും രാത്രിയിലുമെല്ലാമാണ് സിനിമ ഷൂട്ടിങ്ങും മറ്റു ചർച്ചയുമെല്ലാം നടക്കുന്നത്. ജോലിയെ തടസ്സപ്പെടുത്താതെയാണ് ഇതുവരെയുള്ള വർക്കുകൾ ചെയ്തത്. സിനിമക്കുള്ള തിരക്കഥയെല്ലാം റെഡിയായിട്ടുണ്ട്. മറ്റു കാര്യങ്ങളെല്ലാം ഒത്തുവന്നാൽ ഞങ്ങളുട സ്വപ്നം ഉടൻ വെള്ളിവെളിച്ചത്തിലെത്തും. നിതിനിന്റെയും ചങ്ങാതിമാരുടെയും ഉറപ്പ്.

• യൂട്യൂബ് ലിങ്ക്
https://youtu.be/FmGyPyMEDWs

# ROWDY ഫ്രം തെലുങ്ക്

മുസാഫിർ

Celeb ടോക്ക്

ഏഴാം ക്ലാസിൽ പഠിക്കുമ്പോൾ കൂട്ടുകാരനുമൊത്ത് വിജയ് വലിയൊരു സ്വപ്നം കണ്ടു. വലുതാകുമ്പോൾ സ്വന്തമായി ഒരു ഡ്രസ് ബ്രാൻഡ് അവതരിപ്പിക്കണം. അതിന് 'ലാവ' എന്ന് പേരുമിട്ടു. ഒപ്പം ഒരു ടാഗ് ലൈനും 'Feel the heat with it'.

കാലം മുന്നോട്ടുപോയി. വിജയ് വലുതായി. ഡ്രസ് ബ്രാൻഡ് തുടക്കം വൈകിയെങ്കിലും ഇന്നേത് ബ്രാൻഡിനെയും ഷുവർ ഹിറ്റാക്കാൻ പോന്ന തരത്തിൽ വിജയ് മെഗാ സ്റ്റാറായി. പുതിയ പിള്ളേരുപോലും വിജയ് ദേവരകൊണ്ട ഫാൻസായി.

"എല്ലാവർക്കും സ്വപ്നമുണ്ടാകും. അത് സാധ്യമാകുക വിരളമാണ്. സിനിമ എനിക്ക് എല്ലാം തന്നു. ഇന്നെന്റെ ഇമേജ്കൊണ്ട് എനിക്കേത് സ്വപ്നവും നിറവേറ്റാമെന്നായി" -തെന്നിന്ത്യയിൽ ബിഗ് സ്ക്രീനിൽ വമ്പൻ ഹിറ്റുകൾ നിരന്തരം കൊണ്ടുവരുന്ന തെലുങ്ക് നടൻ വിജയ് ദേവരകൊണ്ടയുടെ വാക്കുകൾ.

### ഷുവർ ഹിറ്റ് വിജയ്

പെല്ലി ചോപുലു (2016), അർജുൻ റെഡ്ഡി (2017), ഗീതാ ഗോവിന്ദം (2018), ടാക്സി വാല (2018), ഡിയർ കോമ്രേഡ് (2019), വേൾഡ് ഫെയ്മസ് ലവ് (2020) -രാജ്യമൊട്ടുക്കും ടീനേജുകാർ ഈ 30കാരന്റെ പിന്നാലെ കൂടിയത് ഈ സിനിമകൾ ഒക്കെ കണ്ടാണ്.

തെലുങ്കിന്റെ അതിർത്തിവരകൾ കടന്ന് ഉത്തരേന്ത്യയിലും കേരളത്തിലുമെല്ലാം വിജയ് ദേവരകൊണ്ടയുടെ ചപ്രമുടിയും അലസ വേഷവും പകർത്താൻ ആൺ, പെൺ ഭേദമില്ലാതെ ആരാധകക്കൂട്ടം ആടിത്തിമിർക്കുന്നു.

### നാടകം, ഷോർട്ട് ഫിലിം കളരി

ഇന്നത്തെ തെലങ്കാനയിലെ നാഗർകുർണൂൽ ജില്ലയിൽ അചാംപേട്ടയിൽ 1989 മേയ് ഒമ്പതിനാണ് വിജയിയുടെ ജനനം. മാതാപിതാക്കൾ ഗോവർധൻ ദേവരകൊണ്ട, മാധവി. അനുജൻ ആനന്ദ്.

ബി.കോം പഠനകാലത്ത് നാടകങ്ങളിലും ഷോർട്ടുഫിലിമുകളിലും അഭിനയിച്ചാണ് തുടക്കം. ശേഖർ കമ്മുലയുടെ 'ലൈഫ് ഈസ് ബ്യൂട്ടിഫുൾ' ചിത്രത്തിൽ മുഖം കാണിച്ച് ടോളിവുഡിലേക്ക് കാലെടുത്തുവെച്ചു. കൂടുതൽ ശ്രദ്ധിക്കപ്പെട്ടത് പിന്നീടിറങ്ങിയ 'യെവടെ സുബ്രഹ്മണ്യം' എന്ന ചിത്രത്തിൽ. തരുൺ ഭാസ്കർ സംവിധാനം ചെയ്ത 'പെല്ലിചൂപുലുവിൽ' നായകനായി എത്തിയതോടെ തെലുങ്കകം ആകെ ആരാധകരായി. തുറന്ന മനസ്സുള്ള, ആരെയും കൂസാത്ത പ്രതിച്ഛായ കൂടി തുണച്ചപ്പോൾ യങ്ജൻസിനിടയിൽ ദേവരകൊണ്ട എന്നത് നിത്യമന്ത്രമായി.

### അച്ഛന്റെ സ്വപ്നം, അമ്മയുടെ സ്വഭാവം

അച്ഛൻ ഗോവർധൻ ഒരു നാടകനടനാകണമെന്ന ഇഷ്ടവുമായി ഹൈദരാബാദിലെത്തി സ്ഥിരതാമസമായതാണ്. ടി.വി പരിപാടികളുടെ സംവിധായകനായി മാറുകയായിരുന്നു പിന്നീട്. അമ്മ മാധവി 'സ്പീക് ഈസി' എന്ന പേരിൽ പേഴ്സനാലിറ്റി ഡവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടും നടത്തി. ഇരുവരുടെയും സ്കിൽ വിജയിയിൽ ഒന്നിച്ചപ്പോൾ അവർ വിചാരിച്ചതിനും അപ്പുറമായി മൂത്ത മകന്റെ ഉയർച്ച.

### കേരളം ഇഷ്ടം

എയർപോർട്ടിൽ വന്നിറങ്ങുമ്പോൾതന്നെ കേരളം ഇഷ്ടപ്പെടുമെന്നാണ് ദേവരകൊണ്ടയുടെ പക്ഷം. "എല്ലായിടത്തും ചിരിക്കുന്ന മുഖങ്ങൾ. 'ഡിയർ കോമ്രേഡി'ന്റെ ഷൂട്ടിങ്ങിനായി 10 ദിവസം കേരളത്തിൽ കഴിഞ്ഞപ്പോഴും മലയാളികളുടെ ഇഷ്ടം മനസ്സിലായി. മലയാളികൾ നല്ല സഖാക്കളാണ്" -പിന്നീട് ചിത്രത്തിന്റെ പ്രചാരണത്തിന് എത്തിയപ്പോൾ വിജയ് മറച്ചുവെച്ചില്ല.

### ഷൂട്ടിങ് ഇല്ലെങ്കിൽ

സിനിമക്ക് പുറത്ത് ഒരുപാട് സൗഹൃദങ്ങൾ ഇല്ലെങ്കിലും കളിക്കൂട്ടുകാരുമായി ടെക്കിങ്ങും ക്യാമ്പിങ്ങുമൊക്കെയാണ് ദേവരകൊണ്ടയുടെ ഇഷ്ടങ്ങൾ. സിനിമയില്ലാത്ത നാളുകളിൽ രാവിലെ 10 മണി വരെ ഉറക്കംതന്നെ. രാവിലെയും വൈകീട്ടുമായി ജിമ്മിൽ മൂന്നര മണിക്കൂറെങ്കിലും വർക്കൗട്ട് ചെയ്യും. വീട്ടിൽ ഇരിക്കൽതന്നെ ഏറെയിഷ്ടം.

### റൗഡി ദേവരകൊണ്ട

ബാല്യത്തിൽ വീട്ടിൽ വഴക്കുണ്ടാക്കുമ്പോൾ വിജയിക്ക് വീണൊരു പേരുണ്ട് -റൗഡി. സിനിമയിൽ ഹിറ്റായപ്പോൾ ചില പ്രസംഗങ്ങളിൽ 'ആരെയും നിങ്ങൾ ഭയക്കരുത്', 'വ്യത്യസ്തരാകണം' എന്നൊക്കെ ന്യൂജെന്നിന് ഉപദേശം കൊണ്ടുത്തപ്പോഴും ദേവരകൊണ്ടക്ക് ആ പേര് വീണ്ടും വീണു -റൗഡി. എന്നാൽ പിന്നെ, ചങ്കൂറ്റത്തോടെ ആ വിശേഷണം ഏറ്റുവാങ്ങിയ ചെക്കൻ ഏഴാം ക്ലാസിലെ സ്വപ്നം അങ്ങോട്ട് പൊടിതട്ടിയെടുത്തു. ഒരു ഡ്രസ് ബ്രാൻഡ് തുടങ്ങണമെന്നത്. അതിന് പേരിടാൻ അധികം ആലോചിച്ചില്ല -റൗഡി ക്ലബ്.



വിജയ് ദേവരകൊണ്ട